നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 8 Issue - 12 December 2019



ഭയം കൂടാതെ ദൗത്യം നിർവ്വഹിക്കുക

പേജ് 26

വില 20 രൂപ

Editorial

യേശുവിനെ കണ്ടെത്തിയോ?

ബേത്‌ലഹേമിലെ പുൽത്തൊഴുത്തിൽ ഇടയന്മാർ ഒരു ശിശുവായി കണ്ടെത്തി ആശ്ചര്യം കൂറിയ യേശുവിനെ വിദ്വാന്മാർ 'ആ വീട്ടിൽ' കണ്ടെത്തി ബഹുമാനിച്ചു മടങ്ങി. 'സകല ജാതികളുടെയും മുമ്പിൽ ഒരുക്കിയിരുന്ന ദൈവത്തിന്റെ രക്ഷ'യായി ശിമ്യോൻ അവനെ ദൈവാലയത്തിൽ കണ്ടെത്തി പ്രകീർത്തിച്ചു. അറിവിന്റെ നിറകുടമായ ഒരു കൗമാരക്കാരനായി ദൈവാലയത്തിലെ ഉപദേഷ്ടാക്കന്മാർ അവനെ കണ്ടെത്തി. നിത്യജീവിന്റെ മൊഴികൾ അധരങ്ങളിൽ നിന്നു പകർന്നു നല്കിയ ഗുരുവായിരുന്നു അവൻ ശിഷ്യന്മാർക്ക്. ദുഷ്പ്രവൃത്തിക്കാരിലൊരുത്തന് അവൻ രാജത്വം പ്രാപിച്ച് മടങ്ങിവരാനുള്ള രാജാവായിരുന്നു. യേശുവിനെ പുരുഷാരം വരവേറ്റത് സൗഖ്യദായകനായും, അത്ഭുത പുരുഷനായും മറ്റും ആയിരുന്നു. കൈസരോടു മത്സരിക്കുന്നവനായും, ന്യായപ്രമാണത്തെ ധിക്കരിക്കുന്നവനായും, പാപികളുടെ സ്നേഹിതനായും ഒക്കെ കണ്ടവരുമുണ്ട്. യേശുവിനെ കണ്ടെത്തിയവർ അനേകർ, പലർക്കും യേശു പലതായിരുന്നു എന്നാൽ മഗ്ദലക്കാരത്തിയെപ്പോലെയുള്ളവർക്ക് യേശു തങ്ങളുടെ എല്ലാമെല്ലാം ആയിരുന്നു. ഇന്നു ഒരു ഭൂരിപക്ഷ സമൂഹത്തിന് വർഷത്തിൽ ഒന്നിലേറെ പ്രാവശ്യം ആഘോഷിക്കാനുള്ള ആഘോഷമാണ് യേശു. വിശ്വാസസമൂഹത്തിനിടയിലേക്കും ഇതു പടികടന്നു കയറി വരുന്നുണ്ട്. അതിന്റെ സാധുത സവിശേഷമായ ഒരു വീക്ഷണത്തിൽ വിലയിരുത്തുകയാണ് ഈ ലക്കത്തിലെ സന്ദേശത്തിലും ക്രിസ്തുമസ് ചിന്തയിലും.

നിങ്ങൾ യേശുവിനെ കണ്ടെത്തിയോ? നേർവീഥിയുടെ വായനക്കാർ തീർച്ചയായും യേശുവിനെ കണ്ടവരാണ്. നാം ഒരിക്കലായി യേശുവിനെ കണ്ടു, അതിനാൽ നമ്മുടെ ജീവിതത്തിനു രൂപാന്തരമായി. അതു പുൽത്തൊഴുത്തിലെ യേശുവിനെയോ ദൈവാലയത്തിലെ യേശുവിനെയോ ആയിരുന്നില്ല, കാൽവറിയിലെ യേശുവിനെ ആയിരുന്നു. അതുകൊണ്ട് അവസാനിപ്പിക്കരുത് യേശുവിനെ നാം ജീവിതത്തിൽ അനുദിനവും കാണണം, എല്ലായിടത്തും കാണണം. പുൽക്കൂട്ടിൽ കീറത്തുണി പൊതിഞ്ഞു കിടക്കുന്ന യേശുവിനെയും മാളികമുറിയിൽ തുണി അരയ്ക്കു കെട്ടി ശിഷ്യന്മാരുടെ കാൽ കഴുകുന്ന യേശുവിനെയും കണ്ടാലേ നമ്മുടെ അഹങ്കാരം അസ്തമിക്കൂ. അഞ്ചപ്പം കൊണ്ട് അനേകായിരങ്ങളെ പോഷിപ്പിച്ച യേശുവിനെ കാണണം, കണ്ടാലേ നമ്മുടെ ഉപജീവനചിന്ത മാറൂ. പന്ത്രണ്ടു വർഷം രക്തസ്രവക്കാരിയായിരുന്ന സ്ത്രീയെ സൗഖ്യമാക്കുന്ന യേശുവിനെ കാണണം എന്നാലേ രോഗങ്ങൾ നല്കുന്ന വ്യസനം നമുക്കു മാറൂ... അങ്ങനെ കാണണം എപ്പോഴും, എവിടെയും. ഒരു കാര്യം മറക്കരുത്, ജനത്തെ ഇടയനില്ലാതെ ചിന്നിയവരും ചിതറിയവരുമായി കണ്ടു വിതുമ്പി കരയുന്ന യേശുവിനെ കാണണം, നാശമടുത്തിരുന്ന യെരുശലേമിനെ നോക്കി കരഞ്ഞ യേശുവിനെയും മറികടന്നു പോവരുത്. അവിടെ നില്ക്കണം നിന്നിട്ട് തല ഉയർത്തി നോക്കണം ചുറ്റുപാടും, അപ്പോൾ കരച്ചിൽ വരാതിരിക്കുമോ? മാത്രമല്ല, കരയുന്ന കർത്താവിനോട് എന്തെങ്കിലും പറയാനും അധരങ്ങളിൽ ഉരുത്തിരിഞ്ഞു വരും. അത് ഏറ്റു പറച്ചിലായും സമർപ്പണമായും ഒക്കെ മാറാൻ സാധ്യതയുണ്ട്. ആഡംഭരങ്ങളുടെയും അലങ്കാരങ്ങളുടെയും വിരുന്നുശാലകളുടെയും അശുദ്ധജീവിതത്തിന്റെയും ഒക്കെ മൂടുപടങ്ങൾ വലിച്ചു മാറ്റി നോക്കിയാലേ യേശുവിനെ കാണുകയുള്ളൂ കേട്ടോ? ദ്രവ്യാഗ്രഹത്തിന്റെയും അധികാരമോഹത്തിന്റെയും തിമിരം ബാധിച്ചിട്ടുണ്ടെങ്കിൽ ആ കണ്ണുകൾ കാണുന്നത് വേറൊരു യേശുവിനെ ആയിരിക്കും, അവർ പറയുന്നതു ശ്രദ്ധിക്കുന്നതുപോലും അപകടമാണ്, അവർ തെറ്റായി നടക്കുന്നു എന്നു മാത്രമല്ല വഴി തെറ്റിക്കയും ചെയ്യും. യേശുവിനെ കൺമുന്നിൽ കണ്ടുകൊണ്ട് അനുദിനവും നടക്കുവാൻ എല്ലാ നേർവീഥി വായനക്കാർക്കും ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

പുസ്തകം 8 ലക്കം 12
ഡിസംബർ 2019

ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
ജോയ് എം. തോമസ്

എഡിറ്റർ
കെ.വി. രാജു

കൺസൾട്ടന്റ് എഡിറ്റർ
എം.സി. കുര്യൻ

മാനേജർ
പി.വി. വർഗീസ്

അഡ്വൈസറി ബോർഡ്
സുവി. പി.ഐ. ഏബ്രഹാം
പാസ്റ്റർ ബാബു ചെറിയാൻ
പാസ്റ്റർ കെ.ജെ. മാത്യു
ഡോ. മാത്യു ഫിന്നി
ഡോ. സി.റ്റി. ലൂയിസ്കുട്ടി

ഗ്രാഫിക്സ്
ഷൈൻ കെ. സാമുവൽ

Address :

Righteous Path Publication Trust
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

Office : 8547916678
Editor : 9447764084

www.nerveedhi.com
e-mail:
editornerveedhi@gmail.com
nerveedhi@yahoo.com

Edited, Printed and Published by K.V Raju on behalf of the Righteous Path Publication Trust and printed at Penta Offset Press, Kanjikuzhy, Kottayam–686004 and published at Mackal Building, Amayannoor P.O, Kottayam - 686019.

Annual Subscription ` 200.00

നല്ല ഇടയൻ പശുത്തൊട്ടിയിൽ 4
ജോയ് എം. തോമസ്

സഹോദരപ്രീതിയാണു നന്മ 7
സാജു മാത്യു

ദൈവത്തെ അന്വേഷിക്കുന്നവർക്ക്..... 9
ബാബു ചെറിയാൻ

ക്രിസ്തുശിഷ്യനും ക്രിസ്തുമസും 11

നമ്മുടെ കാൽക്കീഴിലെ മണ്ണ് 14
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

വാക്കുകളിൽ വ്യത്യസ്തരാകുക 17
ഡോ. സജികുമാർ കെ. പി.

യേശുവിന്റെ ഉയിർപ്പ് നമ്മുടെയും ഉയിർപ്പ് 19
ചെയ്സ് ജോസഫ്

ശരിയായ വഴിയും വേറേ വഴിയും 21
ബേബി പോൾ

വനിതാ വീഥി 23
എൽസി ജോയ്

ഭയം കൂടാതെ ദൗത്യം നിർവ്വഹിക്കുക 26
ജോയ് എം. തോമസ്

അതൃപ്തിയെ അതിജീവിക്കുക 31
കെ.വി. രാജു



ജോയ് എം. തോമസ്

നല്ല ഇടയൻ പശുത്തൊട്ടിയിൽ

അലംകൃതമായ പുൽക്കൂടുകൾ പ്രത്യക്ഷപ്പെടുന്ന മാസമാണ് ഡിസംബർ. യേശുക്രിസ്തുവിന്റെ ജനനത്തിന്റെ അനുസ്മരണയ്ക്കായുള്ള പ്രയത്നങ്ങൾ ആണവ. ക്രിസ്തുവിന്റെ ജനനത്തിന്റെ അർഥം ഉൾക്കൊള്ളുകയും ഉദ്ദേശം ഗ്രഹിക്കുകയും ചെയ്യുന്നവർ ഈ വ്യർത്ഥകാര്യങ്ങളെ വിട്ടു തങ്ങളുടെ ഹൃദയം കർത്താവിനു വസിപ്പാനായി തുറന്നുകൊടുക്കും എന്നതു തർക്കമറ്റ കാര്യമാണ്.

ദൈവം മനുഷ്യനായി തന്റെ സൃഷ്ടിയായ മനുഷ്യനെ തേടിവന്നു എന്നതു ചെറിയ സംഗതി അല്ല. അത് ഒരു മർമ്മമാണ്! അതു ഗ്രഹിക്കുവാൻ ശ്രമിക്കുന്നവർ ദൈവസ്നേഹത്തിന്റെ വിശാലത അറിഞ്ഞു തുടങ്ങും. യേശു ജനിച്ചപ്പോൾ നമ്മുടെ പാപത്തിൽ നിന്നും രക്ഷിക്കുവാൻ കഴിയുന്ന രക്ഷകനെ നമുക്കു ലഭിച്ചു; യേശു ക്രൂശിൽ നമ്മുടെ പാപങ്ങൾക്കു പരിഹാരമായി പ്രായശ്ചിത്ത മരണം വരിച്ചതിനാൽ നമുക്കു നമ്മുടെ പാപങ്ങളിൽ നിന്നും മോചനം ലഭിച്ചു അഥവാ രക്ഷ ലഭിച്ചു.

ദൈവം നമ്മെ സ്നേഹിച്ചപ്പോൾ താൻ നമ്മോടു പൂർണ്ണമായും ഏകീഭവിക്കുവാൻ തീരുമാനിച്ചു. തിരുവചനം ഇപ്രകാരം അതു സാക്ഷ്യപ്പെടുത്തുന്നു. "മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ടു അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി..."(എബ്രായർ 2:14). അഖിലാണ്ഡത്തെ നിർമ്മിച്ചവൻ ഒരു മനുഷ്യശിശുവായി ജനിക്കുക എന്നതു എന്നും നമ്മെ അത്ഭുതപ്പെടുത്തുന്ന യാഥാർത്ഥ്യമാണ്. പട്ടിയെ സ്നേഹിച്ച് ഓമനിച്ച് സ്വന്തംമക്കളെപ്പോലെ വളർത്തുന്നവരുണ്ട്. 'പട്ടി' എന്നു അതിനെ വിളിക്കുന്നതുപോലും അവർക്കു ഇഷ്ടമില്ല. എന്നാൽ നിങ്ങൾക്കു ഒരു പട്ടിയായി ജനിക്കുവാൻ സമ്മതമാണോ എന്നു ചോദിച്ചാലോ...? നമുക്കു അതു സാധ്യമല്ല; ഒരിക്കലും അങ്ങനെ ചിന്തിക്കുവാനോ ഉൾക്കൊള്ളുവാനോ നമുക്കു കഴിയില്ല. നമുക്കു അവകളോടുള്ള സ്നേഹം വളരെ പരിമിതമാണെന്നു നാം ഗ്രഹിക്കുന്നു. ഇനി ദൈവമായിരുന്നവൻ മനുഷ്യനായിത്തീരുന്നതിന്റെ മർമ്മം ഗ്രഹിക്കുവാൻ ശ്രമിക്കൂ. നമ്മോടുള്ള ദൈവത്തിന്റെ സ്നേഹം എത്ര വാസ്തവവും പരിധികൾ ഇല്ലാത്തതുമാണെന്നു ഗ്രഹിക്കുവാൻ ഈ ചിന്ത നിങ്ങളെ സഹായിക്കും എന്നു ഞാൻ കരുതുന്നു.

ദൈവരൂപത്തിൽ ഇരുന്ന ക്രിസ്തുയേശു ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കുവാൻ ആഗ്രഹിച്ചിരുന്നു എങ്കിൽ വേഷത്തിൽ മനുഷ്യനാകുവാൻ ഒരിക്കലും സാധ്യമാകുമായിരുന്നില്ല. എന്നാൽ അവൻ എന്താണു ചെയ്തത്? "അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ

ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു." (ഫിലിപ്പിയർ 2 : 5-8)

ഒരു സ്ഥാപനത്തിൽ ജനറൽ മാനേജരായി ജോലി ചെയ്യുന്ന വ്യക്തി തന്റെ സ്ഥാപനത്തിൽ തറ തൂത്തുവാരി തുടച്ചു വൃത്തിയാക്കുന്നതിനു ആളെ കിട്ടാത്തതിനാൽ തക്കതായ ഒരു വ്യക്തിയെ ലഭിക്കുന്നതുവരെ ഞാൻ ആ തസ്തികയിൽ ജോലിചെയ്യാം എന്നു പറയുമോ? ചിന്തിക്കുവാനോ ഉൾക്കൊള്ളുവാനോ പറ്റാത്ത കാര്യം അല്ലെ? തങ്ങളുടെ സ്റ്റാറ്റസിൽ നിന്നും അല്പമെങ്കിലും താഴേക്കു വരുന്നതു മനുഷ്യർക്കു വലിയ ബുദ്ധിമുട്ടാണ്. പക്ഷെ യേശു ചെയ്തതോ? 'ദൈവത്തോടുള്ള സമത്വം' - അതിനുമീതെ ഒരു പദവി ഇല്ലല്ലോ? അതു വിട്ടിട്ടാണ് കർത്താവു മനുഷ്യവേഷം എടുത്തത്. മനുഷ്യനായിരിക്കുന്നതിന്റെ എല്ലാ പരിമിതികളും താഴ്ചകളും (പാപം ഒഴികെ) താൻ അനുഭവിച്ചു. അത്രത്തോളം നമ്മെ സ്നേഹിച്ചതാണ് ബേത്ലഹേമിലെ തന്റെ പിറവിക്കു വഴി തെളിയിച്ചത്. ഈ ദൈവസ്നേഹം നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. ക്രിസ്തുയേശുവിന്റെ ഭാവം നമ്മിൽ ഓരോരുത്തരിലും ഉണ്ടാകട്ടെ.

യേശുകർത്താവിന്റെ ജനനം അതിൽത്തന്നെ അത്ഭുതമാണ്. ദൈവം ചെയ്ത ക്രമീകരണങ്ങൾ ഓരോന്നും അത്ഭുതമാണ്. ഈ സമയം യിസ്രായേൽ ബൃഹത്തായ റോമൻ സാമ്രാജ്യത്തിന്റെ ഒരു ഭാഗമായ സുറിയ നാടിന്റെ (province of syria) ഭാഗമായിരുന്നു. കുറേന്യൊസ് (Quirinius) സുറിയ നാടിന്റെ ഭരണാധികാരിയും (Governor) റോമാ സാമ്രാജ്യത്തിന്റെ സർവ്വാധിപതി ഔഗുസ്തൊസ് കൈസരു (Caesar Augustus) മായിരുന്നു.ജൂലിയസ് കൈസറുടെ (Julius Caesar) ദത്തുപുത്രനായിരുന്നു ഔഗുസ്തൊസ്. റോമൻ സെനറ്റ് (Roman Senate) ജൂലിയസ് കൈസറിനെ ദേവനായി വിളംബരം ചെയ്തു. അതിനാൽ ഔഗുസ്തൊസ് ഒരു ദേവകുമാരനായി അവകാശപ്പെട്ടു. റോമാസാമ്രാജ്യത്തിനു 'സമാധാനം കൊണ്ടുവരുന്നവൻ' എന്നു ഇദ്ദേഹത്തെ അംഗീകരിക്കയും ആരാധിക്കയും ചെയ്തിരുന്നു. ഇങ്ങനെ ഔഗുസ്തൊസ് കൈസർ ഊറ്റം കൊണ്ടു വാഴുമ്പോഴാണ് യഥാർഥ ദൈവപുത്രൻ, സമാധാന പ്രഭുവായവൻ ദൈവപ്രസാദമുള്ളവർക്കു സമാധാനവുമായി ദരിദ്രനായി ഭൂമിയിൽ, റോമൻ സാമ്രാജ്യത്തിന്റെ പ്രവിശ്യയായ യഹൂദ്യയിലെ ബേത്ലഹേമിൽ ജനിക്കുന്നത്. അത് എത്ര അത്ഭുതമായിരിക്കുന്നു!

ഭൗതീക ദൃഷ്ടിയിൽ, യൗസേഫിനു പൂർണ്ണഗർഭിണിയായ തന്റെ ഭാര്യ മറിയയുമായി യെഹൂദ്യയിൽ ബേത്ലഹേമിൽ എത്തുവാൻ കാരണമായി. ആത്മീകമായി ചിന്തിച്ചാൽ സർവ്വജ്ഞാനിയായ ദൈവം മനുഷ്യന്റെ കാര്യപരിപാടികൾ മുന്നമേ മനസ്സിലാക്കി തന്റെ പ്രോഗ്രാം തയ്യാറാക്കിയിരുന്നു. അങ്ങനെ യേശുകർത്താവിന്റെ ജനനം ബേത്ലഹേമിൽ നടക്കയും പ്രവചനം നിറവേറുകയും ചെയ്തു.

ക്രിസ്തു ബേത്ലഹേമിൽ ജനിക്കും എന്നതു ദൈവത്തിന്റെ മുൻനിർണ്ണയമായിരുന്നു. ഏതാണ്ട് 700 വർഷങ്ങൾക്കു മുമ്പു മീഖാ (5 : 2) പ്രവാചകൻ മുഖാന്തരം അതു പ്രസ്താവിക്കുകയും ചെയ്തു. മനുഷ്യന്റെ മനോനിർണ്ണയങ്ങളും ഭാവിയിലെ അവരുടെ തീരുമാനങ്ങളും പ്രവൃത്തികളും അവരുടെ ജനനത്തിനു മുമ്പേ അറിയുന്നവനായ ദൈവം, ക്രിസ്തു ബേത്ലഹേമിൽ ജനിക്കും എന്നു തീരുമാനിക്കുമ്പോൾ തന്നെ അതിനു മുഖാന്തരമാകുന്ന സാഹചര്യങ്ങളെയും നന്നായി അറിഞ്ഞു. കരം ചുമത്തുവാൻ യോഗ്യരായവരെയും തന്റെ സൈന്യത്തിൽ ചേർക്കുവാൻ യോഗ്യരായവരെയും അവരുടെ സംഖ്യയും കണ്ടെത്തുവാൻ ആഗ്രഹിച്ചുകൊണ്ടു ഔഗുസ്തൊസ് കൈസർ തന്റെ സാമ്രാജ്യത്തിന്റെ കീഴിൽ ഉള്ള എല്ലായിടത്തുമുള്ളവർ അവരവരുടെ പട്ടണങ്ങളിൽ പേരു കൊടുക്കണം (Census)എന്ന ആജ്ഞ പുപ്പെടുവിച്ചു. ഭൗതീക ദൃഷ്ടിയിൽ, അത് യോസേഫിനു പൂർണ്ണഗർഭിണിയായ തന്റെ ഭാര്യ മറിയയുമായി യെഹൂദ്യയിൽ ബേത്ലഹേമിൽ എത്തുവാൻ കാരണമായി. ആത്മീകമായി ചിന്തിച്ചാൽ സർവ്വജ്ഞാനിയായ ദൈവം മനുഷ്യന്റെ കാര്യപരിപാടികൾ മുന്നമേ മനസ്സിലാക്കി തന്റെ പ്രോഗ്രാം തയ്യാറാക്കിയിരുന്നു. അങ്ങനെ യേശുകർത്താവിന്റെ ജനനം ബേത്ലഹേമിൽ നടക്കയും പ്രവചനം നിറവേറുകയും ചെയ്തു.

യേശുവിന്റെ ജനനം ഭൂമിയിൽ ഒരു വലിയ സംഭവമായി ആരും അറിഞ്ഞില്ല. എന്നാൽ സ്വർഗത്തിൽ അതു മാറ്റൊലി കൊണ്ടു. ആഹ്ളാദചിത്തരായ സ്വർഗീയ ദൂതന്മാരുടെ ഒരു സംഘം ഭൂമിയിലേക്കിറങ്ങി. യേശുവിന്റെ ജനനത്തിന്റെ വാർത്ത രാജധാനികളിലോ യഹൂദമതത്തിന്റെ ശ്രേഷ്ടപദവികൾ

അലങ്കരിച്ചവരോടോ അറിയിക്കുവാൻ അവർക്കു ദൈവത്തിൽ നിന്നും നിയോഗമുണ്ടായിരുന്നില്ല. എന്നാൽ ആ പ്രദേശത്തു ആട്ടിൻകൂട്ടത്തെ കാവൽ കാത്തു രാത്രിയിൽ വെളിയിൽ പാർത്തിരുന്ന ഇടയന്മാർക്കു ഒരു ദൂതന്റെ വെളിപ്പാടു ലഭിച്ചു. "അപ്പോൾ കർത്താവിന്റെ ഒരു ദൂതൻ അവരുടെ അരികെ നിന്നു, കർത്താവിന്റെ തേജസ്സ് അവരെ ചുറ്റിമിന്നി, അവർ ഭയപരവശരായിത്തീർന്നു. ദൂതൻ അവരോടു: ഭയപ്പെടേണ്ട; സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. നിങ്ങൾക്കു അടയാളമോ; ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും എന്നു പറഞ്ഞു. പെട്ടെന്നു സ്വർഗീയ സൈന്യത്തിന്റെ ഒരു സംഘം ദൂതനോടു ചേർന്നു ദൈവത്തെ പുകഴ്ത്തി. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം എന്നു പറഞ്ഞു" (ലൂക്കോസ് 2 : 9-14).

യേശു തന്നെക്കുറിച്ചു പറഞ്ഞതു "ഞാൻ നല്ല ഇടയനാകുന്നു" (യോഹന്നാൻ 10 : 11) എന്നാണല്ലോ. യോഹന്നാൻ സ്നാപകൻ യേശുവിനെക്കുറിച്ചു സാക്ഷിച്ചതു "ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹന്നാൻ 1: 29) എന്നാണ്. യേശുവിന്റെ ജനനം നടക്കുന്ന സമയം ഇടയന്മാർ രാത്രിയിൽ ആട്ടിൻകൂട്ടത്തെ കാത്തുകൊണ്ടു വെളിയിൽ പാർക്കുകയായിരുന്നു. അതു തണുപ്പുകാലമല്ലായിരുന്നു എന്നതിനു ഇതൊരു തെളിവാണ്. ആടുകൾ പ്രസവിക്കുന്ന കാലമായതുകൊണ്ടാണ് അവർ വെളിയിൽ കാത്തു പാർത്തിരുന്നത് എന്ന അനുമാനവും ഉണ്ട്. അങ്ങനെ എങ്കിൽ അത് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഏതെങ്കിലും ഒരു ദിവസം ആകുവാനാണ് സാധ്യത ഏറെ ഉള്ളത്. ബേത്ലഹേമിലെ ഇടയന്മാർ വളർത്തിയിരുന്നതു ദൈവാലയത്തിൽ യാഗത്തിനുവേണ്ടിയുള്ള ആടുകളെ ആയിരുന്നു എന്നതും ശ്രദ്ധേയമായ കാര്യമാണ്. ഈ കാര്യങ്ങൾ ശരി എങ്കിൽ ദൈവദൂതന്മാർ ഇടയന്മാരോടു നല്ല ഇടയന്റെ ജനനം അറിയിക്കുന്നതു കൗതുകം ഉണർത്തുന്നു. അതേപോലെ യാഗത്തിനുള്ള ആടുകളുടെ പിറവി നടക്കുമ്പോൾ യഥാർഥ പാപപരിഹാരയാഗത്തിനായുള്ള ദൈവത്തിന്റെ കുഞ്ഞാടിന്റെ ജനനം വിളംബരം ചെയ്യുന്നതും അത്ഭുതമായിരിക്കുന്നു.

താഴ്മയുടെ ഉറവിടമായ ദൈവത്തെ അഹങ്കാരിയായ മനുഷ്യൻ അവന്റെ ആഡംബരത്തിന്റെയും അഹന്തയുടെയും മോടിയിൽ തിരയുമ്പോൾ കണ്ടെത്തുവാൻ കഴിയാത്തതു സ്വാഭാവികമായും ശരി തന്നെ.

ഇടയന്മാർക്കു അവരുടെ നല്ല ഇടയനെ തിരിച്ചറിയുവാൻ നൽകിയ അടയാളം 'ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശു' എന്നാണ്. അവൻ തന്നെയാണ് യഥാർത്ഥമായും ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. അവൻ തന്നെയാണ് ജനത്തിനു വേണ്ടി പക്ഷവാദം ചെയ്യുന്ന മഹാപുരോഹിതനും, യഹൂദന്മാരുടെ മശിഹായായ രാജാവും, സകല ജാതികളെയും രക്ഷിക്കുന്ന ലോക രക്ഷിതാവും! മനുഷ്യന്റെ പാപപരിഹാരത്തിനു മരിക്കാൻ തയ്യാറായി വന്ന മശിഹായെ ഇടയന്മാർ കണ്ടെത്തിയതു പശുത്തൊട്ടിയിൽ കിടക്കുന്ന ശിശുവായിട്ടാണ്! എത്ര അത്ഭുതം!

രാജകൊട്ടാരത്തിൽ യഹൂദന്മാരുടെ രാജാവിനെ തിരഞ്ഞു വന്ന വിദ്വാന്മാരും നിരാശരായി. പക്ഷെ, അവർ അവനെ കണ്ടെത്തി, ഒരു സാധാരണ വീട്ടിൽ കിടക്കുന്ന ശിശുവായിട്ട്. താഴ്മയുടെ ഉറവിടമായ ദൈവത്തെ അഹങ്കാരിയായ മനുഷ്യൻ അവന്റെ ആഡംബരത്തിന്റെയും അഹന്തയുടെയും മോടിയിൽ തിരയുമ്പോൾ കണ്ടെത്തുവാൻ കഴിയാത്തതു സ്വാഭാവികമായും ശരി തന്നെ. "ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിനും മന:സ്താപമുള്ളവരുടെ ഹൃദയത്തിനും ചൈതന്യം വരുത്തുവാൻ മന:സ്താപവും മനോവിനയവുമുള്ളവരോടു കൂടെയും വസിക്കുന്നു." (യെശയ്യാവ് 57 : 15). ദൈവത്തിന്റെ തനതായ ഈ സ്വഭാവശ്രേഷ്ടത അഖിലാണ്ഡത്തിന്റെ ഉടയവൻ പശുത്തൊട്ടിയിൽ പഴന്തുണിയുടെ ശീലയിൽ പൊതിയപ്പെട്ടു കിടക്കുമ്പോൾ നമുക്കു തുറന്നു കാട്ടുന്നു. ഈ പാഠം നമുക്കു പഠിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ... ■



സാജു മാത്യു

സഹോദരപ്രീതിയാണു നന്മ

കയീന്റെയും ഹാബേലിന്റെയും ചരിത്രം ഒരു നൂറു വട്ടം നാം പഠിച്ചിട്ടുണ്ടാവാം. അടുത്തിടെ വായിച്ചപ്പോൾ അതിലെ ഒരു വാക്ക് എനിക്കു കൂടുതൽ അർഥപൂർണ്ണമായിത്തോന്നി. കയീനും ഹാബേലും യാഗമർപ്പിച്ചു; കയീന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചില്ല! ഹാബേലിന്റെ യാഗത്തിൽ ദൈവം പ്രസാദിക്കുകയും ചെയ്തു. കയീന് ഏറ്റവും കോപം ഉണ്ടായി, അവന്റെ മുഖം വാടി. ദൈവം ഇറങ്ങിവന്നു അവനോടു സംസാരിക്കുന്നു: "നീ നന്മ ചെയ്യുന്നുവെങ്കിൽ പ്രസാദമുണ്ടാകയില്ലയോ? പാപം വാതിൽക്കൽ കിടക്കുന്നു"(ഉല്പത്തി 4: 18).

"നന്മ ചെയ്യുന്നെങ്കിൽ" "നന്മ ചെയ്യുന്നില്ലെങ്കിൽ..." എന്നീ പ്രയോഗങ്ങളാണു എന്നെ ചിന്തിപ്പിച്ചത്. എന്താണു ദൈവം അവിടെ ഉദ്ദേശിച്ചത്? കയീൻ അവിടെ എന്തു നന്മ ചെയ്യാൻ? ആർക്കു നന്മ ചെയ്യാൻ?

"നീ നിന്റെ സഹോദരനോടു നന്മ ചെയ്യുന്നുവെങ്കിൽ..."എന്നു വായിക്കുന്നതാണു അവിടെ കൂടുതൽ പ്രസക്തം. കാരണം, ഇവിടെ ദൈവം ഇടപെടുന്നതു സഹോദരന്മാർ തമ്മിലുള്ള പ്രശ്നത്തിലാണ്. കയീന്റെ യാഗത്തിൽ ദൈവം പ്രസാദിക്കാതിരുന്നതിൽ ഹാബേലിനു പങ്കൊന്നുമില്ല. പ്രസാദിക്കാതിരുന്നതു ദൈവമാണ്! എന്നാൽ, കയീൻ കോപിക്കുന്നത് (പ്രത്യക്ഷത്തിലെങ്കിലും) അവന്റെ സഹോദരനോടാണ് - ഹാബെലിനോടാണ്. ദൈവം ചോദിക്കുന്നു: കയീനേ, നിന്റെ മുഖം വാടുന്നതെന്ത്? നിന്റെ യാഗത്തിൽ ഞാൻ പ്രസാദിക്കാതിരുന്നതിനാലാണോ? കയീൻ, യാഗമല്ല പ്രധാനം, നീയാണ്! അടിസ്ഥാനപരമായി ഞാൻ പ്രസാദിക്കാതിരുന്നത് നിന്നിലാണ് (യഹോവ കയീനിലും അവന്റെ യാഗത്തിലും പ്രസാദിച്ചില്ല). എന്നാൽ, നിന്റെ അവസരം തീർന്നുപോയിട്ടില്ല. കാര്യങ്ങൾ നേരെയാകാൻ ഇനി നീ യാഗമൊന്നും കഴിക്കേണ്ട. അതിനൊരു മാർഗ്ഗമേയുള്ളൂ. നീ നന്മ ചെയ്യുക... ആർക്ക്, നിന്റെ സഹോദരന്. നീ നന്മ ചെയ്യുന്നില്ലെങ്കിലോ? നിന്റെ സഹോദരനു തിന്മ ചെയ്യുവാൻ നിന്നെ വലിച്ചുകൊണ്ടുപോകേണ്ടതിനു തിന്മ നിന്റെ വാതിൽക്കൽ പതുങ്ങിക്കിടക്കുന്നു...

ലോകത്തിലെ ആദ്യ സഹോദരന്മാരുടെ അന്യോന്യബന്ധത്തിൽ ചെറിയൊരു വിള്ളൽ വീണപ്പോൾ തന്നെ ദൈവം അസ്വസ്ഥനായി... ഭൂമിയിൽ ഇറങ്ങിവന്ന് അതിനെ വിളക്കിച്ചേർക്കാൻ പരിശ്രമിക്കുന്നതു ശ്രദ്ധിച്ചോ? സഹോദരനു നന്മ ചെയ്യുന്നതാണു ദൈവത്തെ പ്രസാദിപ്പിക്കാനുള്ള മാർഗ്ഗമെന്നു കർത്താവ് ഓർപ്പിക്കുന്നു. എന്നാൽ, തന്നെത്തന്നെ പണിയേണ്ടതിനു കയീൻ ദൈവത്തിനു സ്വയം ഏല്പിച്ചുകൊടുത്തില്ല! സഹോദരപ്രീതിയാണു നന്മ. സഹോദരദ്വേഷമാണു തിന്മ.

"സഹോദരപ്രീതി നിലനില്ക്കട്ടെ (എബ്രായർ 13 : 1). "സഹോദരനോടുള്ള സ്നേഹം മുറിഞ്ഞുപോകാതെ തുടരട്ടെ (Let brotherly love continue) എന്നാണു ശരിയായ അർഥം. എബ്രായ ലേഖനത്തിന്റെ അവസാന അധ്യായമാണിത്. ആദ്യ അധ്യായങ്ങളിലെല്ലാം വലിയ ദൈവശാസ്ത്രകാര്യങ്ങളൊക്കെയാണു ലേഖനകർത്താവ് കൈകാര്യം ചെയ്യുന്നത്. ക്രിസ്റ്റോളജിയും പുതിയ നിയമത്തിന്റെ സവിശേഷതകളും ക്രിസ്തുവിന്റെ നിസ്തുലതയും വിശ്വാസമാർഗത്തിന്റെ അനിവാര്യതയും എല്ലാം അതിലുണ്ട്. എബ്രായർ 11-ാം അധ്യായത്തിൽ ഈ വിശ്വാസം ലോകാരംഭം മുതൽ

പിന്തുടർന്ന, അതിനായി വിലകൊടുത്ത വിശുദ്ധന്മാരുടെ ചരിത്രം. എബ്രായർ 12-ാം അധ്യായത്തിൽ അതേ വിശ്വാസത്തിൽ – വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കിക്കൊണ്ട് മുമ്പോട്ടു പോകുവാനുള്ള നിർദ്ദേശം. യേശുവിനെ നോക്കിയുള്ള ഓട്ടത്തിൽ – വിശ്വാസത്തിന്റെ പോരാട്ടത്തിൽ – നാം സൂക്ഷിക്കേണ്ട മൂല്യങ്ങൾ (values) ഈ അധ്യായത്തിൽ കാണുന്നു. അതി ൽ ഒന്നാമത്തെതാണു"സഹോദരസ്നേഹം മുറിഞ്ഞുപോകാതെ തുടരട്ടെ" (എബ്രായർ 13:1) എന്നത്.

വേദപുസ്തകത്തിന്റെ സത്തതന്നെ സ്നേഹമാണ്. ദൈവം നമ്മെ സ്നേഹിക്കുന്നു, നാം ദൈവത്തെ സ്നേഹിക്കണം. അതാണു മുഖ്യകല്പന. രണ്ടാമത്തെതു "കൂട്ടുകാരനെ നിന്നെപ്പൊലെതന്നെ സ്നേഹിക്കണം" എന്നതു തന്നെ. ഈ രണ്ടു കല്പനകളിൽ ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു (മത്തായി 22 : 35-40) എന്നാണു കർത്താവു പറയുന്നത്. പൂർണ്ണതയുള്ള സ്നേഹം ദൈവത്തോടും മനുഷ്യനോടും! അതിൽ വേണ്ടതെല്ലാമുണ്ട്. "സ്നേഹമാണഖിലസാരമൂഴിയിൽ" എന്നു കവി പറയുന്നു. അത്രയും പോരാ! സ്നേഹമാണഖിലസാരമൂഴിയിലും ഉയരത്തിലും!

ആദിമമനുഷ്യരായ ആദമും ഹവ്വയും ദൈവകോപത്തിനു പാത്രീഭൂതരായതു അവർ ദൈവത്തോടു മറുതലിച്ചതുകൊണ്ടാണ്. ദൈവത്തെ പൂർണ്ണഹൃദയത്തോടുകൂടെ സ്നേഹിക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ടാണ്. എന്നാൽ, ആദ്യ സഹോദരന്മാരിൽ, ആദ്യം ജനിച്ച കയീന്റെ കാര്യത്തിൽ (കയീനാണല്ലോ ആദ്യം ഭൂമിയിൽ ജനിക്കുന്നത്. ആദമും ഹവ്വയും സൃഷ്ടിക്കപ്പെടുകയായിരുന്നല്ലോ!) അവൻ ശാപഗ്രസ്തനായതു ആരാധന (യാഗം) തെറ്റിച്ചതുകൊണ്ടല്ല, സഹോദരനെ കാവൽ ചെയ്യാഞ്ഞതുകൊണ്ടാണ്! സഹോദരനെ സ്നേഹിക്കുക, അവനു നന്മ ചെയ്യുക, ഒരു പോറൽ പോലുമേൽക്കാതെ അവനെ 'കാവൽ' ചെയ്യുക – ഇതാണു ദൈവപ്രസാദത്തിനുള്ള വഴി!

ഭൂമിയിലെല്ലാവരെയും നാം സ്നേഹിക്കണം: വിശ്വാസികളെയും അവിശ്വാസികളെയും ദുഷ്ടന്മാരെയും നീതിമാന്മാരെയും എല്ലാം! എന്നാൽ, നമ്മുടെ സ്നേഹം നാം പരിശീലിക്കുന്നതു നമ്മുടെ സഭയിൽത്തന്നെയായിരിക്കണം. ഇവിടെ, "സഹോദരസ്നേഹം മുറിഞ്ഞുപോകാതെ തുടരട്ടെ" എന്ന ഒന്നാം വാക്യം ലത്തീൻ ബൈബിളിലും (Latin Vulgate) സുറിയാനി തർജ്ജിമകളിലും "നിങ്ങളുടെയിടയിലെ സഹോദരസ്നേഹം മുറിഞ്ഞുപോകാതെ തുടരട്ടെ" എന്നാണെഴുതിയിരിക്കുന്നത്. നാം എല്ലാവരെയും സ്നേഹിക്കുമ്പോൾ തന്നെ, നമ്മുടെ സഹോദരസ്നേഹം പ്രദർശിപ്പിക്കുവാൻ ദൈവം നമുക്കു തന്നിരിക്കുന്ന ഒന്നാമത്തെ തട്ടകം സഭ തന്നെയാണ്.

ചിലർ പറയാറുണ്ട്: "അതു ഞാനും ദൈവവും തമ്മിൽ തീർത്തോളാം. എന്റെ സഹോദരനെ മറികടന്നു എനിക്കു ദൈവത്തിന്റെ അടുത്തേക്കു പോകുവാൻ കഴികയില്ല!". "ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും തന്റെ സഹോദരനെ പകെക്കുകയും ചെയ്യുന്നവൻ കള്ളൻ ആകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവനു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിക്കാൻ കഴിയുന്നതല്ല. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം എന്ന കല്പന നമുക്കു അവങ്കൽ നിന്നു ലഭിച്ചിരിക്കുന്നു...." (1 യോഹന്നാൻ 4 : 20, 21).

എന്നെ ദൈവം അവിടത്തെ മകനാക്കിയിരിക്കുന്നുവെങ്കിൽ, അവിടത്തെ എല്ലാ മക്കളെയും സ്നേഹിക്കുവാൻ എനിക്കു ഉത്തരവാദിത്വമുണ്ട്. "യേശുവിനെ ക്രിസ്തു എന്നു വിശ്വസിക്കുന്നവൻ എല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു. ജനിപ്പിച്ചവനെ സ്നേഹിക്കുന്നവനെല്ലാം അവനിൽ നിന്നു ജനിച്ചവനെയും സ്നേഹിക്കുന്നു. നാം ദൈവത്തെ സ്നേഹിച്ചു അവന്റെ കല്പനകളെ അനുസരിച്ചു നടക്കുമ്പോൾ ദൈവമക്കളെ സ്നേഹിക്കുന്നു എന്നു അതിനാലറിയാം'' (1 യോഹന്നാൻ 5 : 1, 2).

സഹോദരസ്നേഹത്തിന്റെ പ്രാധാന്യത്തെ എബ്രായ ലേഖനകാരൻ എടുത്തോർപ്പിക്കുവാൻ കാരണമെന്താണ്? ഇതിന്റെ പ്രാധാന്യത്തെ കർത്താവു തന്നെ ഊന്നിപ്പറഞ്ഞിട്ടുണ്ട് എന്നതാണ് ആദ്യ കാരണം. 'നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടും സ്നേഹിക്കണം എന്ന വലിയതും ഒന്നാമത്തേതുമായ കല്പനയോടു സമമാണ്. ''കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കണം'' എന്ന രണ്ടാമത്തെ കല്പന എന്നു കർത്താവു പറഞ്ഞു (മത്തായി 22 : 36 – 38). പഴയനിയമത്തിലെ ഈ കല്പന പുതിയ നിയമത്തിൽ യേശു നൽകുമ്പോൾ ഒരു വലിയ 'ട്വിസ്റ്റ്' സംഭവിക്കുന്നുണ്ട്.

''നിങ്ങൾ തമ്മിൽത്തമ്മിൽ സ്നേഹിക്കണം

ശേഷം പേജ് 29 ▶



ബാബു ചെറിയാൻ

ദൈവത്തെ അന്വേഷിക്കുന്നവർക്ക് പറ്റാവുന്ന അബദ്ധങ്ങൾ

ദൈവം ഇല്ലെന്നു പറയുന്നവർ പോലും ദൈവത്തെ അന്വേഷിക്കുന്നവരാണ്. പക്ഷെ സ്വന്ത മാർഗത്തിലും സ്വയ ഇഷ്ടത്തിലുമാണന്നു മാത്രം. അമ്പതു വയസ്സു കഴിഞ്ഞ അപ്പച്ചനെ കൊച്ചു മക്കൾ അന്വേഷിച്ചു കണ്ടെത്തേണ്ടിവന്നാൽ അപ്പച്ചന്റെ ശബ്ദമോ നിർദ്ദേശമോ സൂചനകളോ ആശ്രയിക്കുന്നതാണുത്തമം. പ്രായം കുറഞ്ഞ കുട്ടികൾ അവരുടെ പരിമിതമായ അറിവിലൂടെ എത്ര അന്വേഷിച്ചാലും മുതിർന്നവരെ കണ്ടെത്തുക പ്രയാസമാണല്ലോ? എന്നാൽ പിതാവെന്തെങ്കിലും ശബ്ദം പുറപ്പെടുവിച്ചാൽ കാര്യം എളുപ്പമായി. ആ ശബ്ദം കേൾക്കുന്ന മക്കൾ വേഗം ലക്ഷ്യം കണ്ടെത്തും. ഇതുപോലെ ദൈവത്തെ അന്വേഷിക്കുന്നവർക്കു ദൈവം തന്നെ വെച്ചിരിക്കുന്ന വെളിപ്പാടുകളെയാണ് അന്വേഷകർ ആശ്രയിക്കേണ്ടത്. പ്രകൃതിയിലൂടെയും വചനത്തിലൂടെയും മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിലൂടെയുമാണ് ദൈവം തന്നെ മനുഷ്യനു വെളിപ്പെടുത്തിയിരിക്കുന്നത്. ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു (യോഹന്നാൻ 1: 18).

എന്നാൽ നമ്മൾ ധ്യാനിക്കുന്നതു മറ്റൊരു വിഷയമാണ്. കർത്താവിനെ കണ്ടെത്തിയവർ ദിനം തോറും കർത്താവിനെ അന്വേഷിക്കേണ്ടതിന്റെ ആവശ്യകതയാണ് നമ്മുടെ വിഷയം. അവന്റെ മുഖത്തെ ഇടവിടാതെ അന്വേഷിപ്പീൻ എന്നും, അതികാലത്തെ ഞാൻ നിന്നെ അന്വേഷിക്കും എന്നും, ദൈവത്തെ അന്വേഷിക്കുന്നവർക്കു ഒരു നന്മക്കും കുറവില്ല എന്നും തിരുവചനം പറയുന്നു. (സങ്കീർത്തനം 34:10, 63:1).

കർത്താവ് എപ്പോഴും നമ്മോടുകൂടെ ഉണ്ടെങ്കിലും അവൻ നമ്മുടെ ഹൃദയത്തിലുണ്ടെങ്കിലും നാം അവനെ അന്വേഷിക്കണം. "എന്റെ മുഖം അന്വേഷിപ്പീൻ" എന്നു നിങ്കൽ നിന്നു കല്പന വന്നു എന്ന് എന്റെ ഉള്ളം പറയുന്നു. (സങ്കീർത്തനം 27:8). എല്ലാ പ്രഭാതത്തിലും അവനെ അന്വേഷിക്കണം. അവന്റെ വചനത്തിലൂടെ പ്രാർഥനയോടെ അവന്റെ തിരുഹിതം നാം അന്വേഷിക്കണം. കൂടെയുണ്ടായിരിക്കും എന്നു വിചാരിച്ചാൽ ജോസഫിനും മേരിക്കും പറ്റിയതുപോലെ അബദ്ധം പറ്റാം. അവർ വളരെ വൈകിയാണന്വേഷിച്ചത്. അതുകൊണ്ടു തന്നെ വളരെ വേവലാതിപ്പെടേണ്ടിവരികയും ബഹുദൂരം തിരികെ നടക്കേണ്ടിവരികയും ചെയ്തു. അവർ നമ്മെപ്പോലെ പാരമ്പര്യ വിശ്വാസികളാണ്. യേശു എന്റെ ഗർഭത്തിലല്ലേ പിറന്നത്, ഞങ്ങളുടെ വീട്ടിലല്ലേ വളർന്നത്. ഞങ്ങളില്ലാതെ അവൻ എവിടെ പോകാനാ....? സഭക്കുവേണ്ടി സ്ഥലം കൊടുത്തവരും, ആലയങ്ങൾ പണിയിപ്പിച്ചവരും, അവരുടെ മക്കളും കൊച്ചുമക്കളുമൊക്കെ ഈ ചിന്താഗതിക്കാരാണ്. നമ്മെ കൂടാതെ യേശു എവിടെ പോകാനാണെന്നാണ് പലരുടേയും ചിന്ത. സഭയും നേതാക്കളുമൊക്കെ അവരുടെ കൈയിലാണ്. അതുപോലെ കർത്താവും കൈയിലാണെന്നു ധാരണയുള്ളവരുണ്ട്. അബദ്ധം പറ്റരുത്. അവൻ ആരുടേയും പരിധിയിൽ നിൽക്കുന്നവനല്ല. നീ അവനെ അന്വേഷിക്കുക. അധികം വൈകുന്നതിനു മുമ്പു തന്നെ അവന്റെ സാന്നിധ്യം ഉറപ്പു വരുത്തുക (ലൂക്കോസ് 2 : 41-47).

കഴിഞ്ഞ സഭായോഗത്തിൽ അവനെ കാണാൻ

(അനുഭവിക്കാൻ) സാധിച്ചോ? കൺവൻഷനിലോ, കൂട്ടായ്മായോഗത്തിലോ അവന്റെ സാന്നിധ്യം വാസ്തവമായി അനുഭവിച്ചോ? കുടുംബപ്രാർഥനയിലും വ്യക്തിപരമായ പ്രാർഥനയിലും അവനെ കാണണം. ഇല്ലായെങ്കിൽ ഉപവാസത്തോടും കരച്ചിലോടും അവന്റെ തിരുമുഖം അന്വേഷിക്കുവാൻ കർത്താവു മുന്നറിയിപ്പു നൽകുകയാണീ കുറിപ്പിലൂടെ. എയർ കണ്ടീഷൻ ഹോളും, ഉഗ്രൻ മൈക്ക് സെറ്റും, മ്യൂസിക്ക് സിസ്റ്റവും വർഷിപ്പ് ലീഡറുമുണ്ടെന്നു കരുതി കർത്താവു ഉണ്ടായിരിക്കണമെന്നില്ല. അബദ്ധം പറ്റരുത്. അവനെ അന്വേഷിക്കുക. യൗവ്വനക്കാരേ, മാതാപിതാക്കളേ, അവനെ അന്വേഷിക്കേണ്ട സമയം ഇതു തന്നെ.

മറ്റൊരു കൂട്ടർ വഴിതെറ്റി അന്വേഷിച്ചവരാണ്. മത്തായി 2 :1-10 വരെ വിദ്വാന്മാരുടെ അന്വേഷണം കാണാം. വാസ്തവത്തിൽ അവർ ഒരു ദിവ്യനക്ഷത്രം കണ്ടു അന്വേഷണം തുടങ്ങിയവരാണ്. പക്ഷെ ഇടയ്ക്കുവെച്ചു നക്ഷത്രത്തെ വിട്ടു ബുദ്ധിയിലും സാഹചര്യത്തിലും ആശ്രയിച്ച് കൊട്ടാരത്തിൽ എത്തി. അതു അനേകരുടെ ദു:ഖത്തിനും, നിരാശക്കും കാരണമായി. എങ്കിലും ദൈവത്തിന്റെ മഹാ കരുണയാൽ നക്ഷത്രം വീണ്ടും കാണുവാൻ കരുണ ലഭിച്ചു. അതുകൊണ്ടവർ അത്യന്തം സന്തോഷിച്ചു. വഴി തെറ്റിയെങ്കിലും കർത്താവിനെ കാണാൻ സാധിച്ചു. നമ്മുടെ ആദിമ ദർശനത്തിൽ നിന്നു മാറാതെ അന്ത്യം വരെ നിലനിൽക്കാൻ വലിയ കൃപക്കായി നമുക്കപേക്ഷിക്കാം. ബുദ്ധിയിലും, ധനത്തിലും, സമൂഹത്തിലും, സാഹചര്യത്തിലും ആശ്രയിച്ചതു അനുതാപത്തോടെ ഏറ്റു പറയാം. പഴയ പാതയിലേക്കു മടങ്ങി വരാം.

മറ്റൊരു കൂട്ടരെ ലൂക്കോസ് 24-ാം അധ്യായത്തിൽ കാണാം. ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കയാണവർ (24:5). ഇങ്ങനെ സ്ഥലംമാറി അന്വേഷിക്കുന്ന അനേകരുണ്ട്. കല്ലറകളിലും, കുരിശിൻ ചുവട്ടിലും മദ്ബഹായിലും, അംബരചുംബിയായ ദൈവാലയങ്ങളിലും യേശുവിനെ അന്വേഷിക്കുന്നവരേ നിങ്ങൾക്കു സ്ഥലം മാറി. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തു ഞാനുണ്ട് എന്നാണവൻ അരുളിച്ചെയ്തത്. കസേരക്കു വേണ്ടിയും, കെട്ടിടത്തിനു വേണ്ടിയും, സ്വത്തുക്കൾക്കുവേണ്ടിയും വളഞ്ഞ വഴി തേടുന്നവരുടെ കൂട്ടത്തിൽ കർത്താവില്ല കേട്ടോ. അവനെ അന്വേഷിക്കേണ്ട സമയത്ത് അവനെ അന്വേഷിക്കുക. അന്വേഷിക്കേണ്ട വിധത്തിൽ അന്വേഷിക്കുക, അന്വേഷിക്കേണ്ട സ്ഥലത്ത് അന്വഷിക്കുക. "യഹോവയെ കണ്ടെത്താവുന്ന സമയത്ത് അവനെ അന്വേഷിപ്പീൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ" (യെശയ്യാവ് 55 : 6) .

അറിയിപ്പ്

തങ്ങളുടെ സുഹൃത്തുക്കളോ പരിചയക്കാരോ ആയിരിക്കും ആദ്യ വരിസംഖ്യ അടച്ച് ചിലരെ വരിക്കാരാക്കിയിട്ടുള്ളത്. അതിൽ പലരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ വർഷങ്ങളിലെ കുടിശികയും തന്നാണ്ടിലെ വരിസംഖ്യയും അയച്ചു തരുന്നത് മാസികാ ശുശ്രൂഷക്ക് വലിയ സഹായമായിരിക്കും.

വരിസംഖ്യ പുതുക്കുമ്പോൾ മാസിക ആരുടെ പേരിൽ വരുന്നുവോ അതേപേരിൽ തന്നെ പണം അടക്കേണ്ടതാണ്. മറ്റൊരുപേരിൽ പുതുക്കിയാൽ ഞങ്ങൾക്കത് തിരിച്ചറിയുക പ്രയാസമാണ്. അതിനാൽ നിലവിലുള്ള പേരിലും പുതുക്കിയപ്പോൾ നൽകിയ പുതിയ പേരിലും രണ്ട് മാസികകൾ അയക്കേണ്ടിവരുന്നു. റാപ്പറിൽ അഡ്രസ്സിന്റെ മുകളിൽ കാണുന്ന ഐ.ഡി നമ്പർ കൂടി നൽകി പുതുക്കിയാൽ ഏറ്റവും നന്ന്.

ബാങ്കിൽ വരിസംഖ്യ അടക്കുന്നവർ ആയതിന്റെ വ്യക്തമായ വിവരങ്ങൾ ഉടൻ തന്നെ ഓഫീസിൽ അറിയിക്കേണ്ടതാണ്. (Office : 8547916678)

അഡ്രസ്സിൽ മാറ്റം ഉണ്ടാകയോ, താമസം മാറുകയോ ചെയ്താൽ ഉടൻ തന്നെ ഓഫീസിൽ അറിയിച്ച് വേണ്ട തിരുത്തലുകൾ വരുത്തുമല്ലോ. (Office : 8547916678)

മാനേജർ

ക്രിസ്തുശിഷ്യനും ക്രിസ്തുമസ്സും

ആഘോഷങ്ങൾക്കു മനുഷ്യമനസ്സുകളിൽ വലിയ സ്ഥാനമാണ് ഉള്ളത്. സന്തോഷിക്കുവാനും ഉല്ലസിക്കുവാനുമുള്ള അവസരം എന്നതാണ് അതിന്റെ പ്രധാന കാരണം. പഴയനിയമ വിശ്വാസികൾക്കു പല ഉത്സവങ്ങളും ദൈവം കല്പിച്ചു കൊടുത്തിട്ടുണ്ടായിരുന്നു. ദൈവം അവർക്കു ചെയ്ത വിടുതലിന്റെ, അത്ഭുതത്തിന്റെ സ്മരണയും ഭാവിയിൽ ക്രിസ്തുവിൽ നിവർത്തിക്കപ്പെടേണ്ട ദൈവീക പദ്ധതിയുടെ വെളിപ്പാടും ഈ ഉത്സവങ്ങളുടെ ആചരണത്തിൽ ഉണ്ടായിരുന്നു. അതുകൊണ്ടു അവ കൃത്യമായി ആചരിക്കപ്പെടുന്നതു ദൈവഹിതമായിരുന്നു.

പുതിയനിയമത്തിൽ അപ്രകാരം ഉത്സവങ്ങൾ ഒന്നും ദൈവം നമുക്കു കല്പിച്ചുതന്നിട്ടില്ല. പഴയനിയമത്തിലെ ഉത്സവങ്ങൾ നാം പിൻതുടരേണ്ടവയും അല്ല. "അതുകൊണ്ടു ഭക്ഷണപാനീയങ്ങൾ സംബന്ധിച്ചോ, പെരുന്നാൾ വാവു ശബ്ബത്ത് എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുത്. ഇവ വരുവാനിരുന്നവയുടെ നിഴലത്രേ" (കൊലൊസ്യർ 2 : 16). അവ എല്ലാം ക്രിസ്തുവിൽ നിറവേറിയിരിക്കുന്നു.

അപ്പോൾ പുതിയനിയമത്തിൽ നമുക്കും എന്തെങ്കിലും ആഘോഷിക്കുവാൻ വേണമല്ലോ. ഇതു സ്വാഭാവികമായും ഉണ്ടാകുന്ന ചിന്തയാണ്. മറ്റു ജാതികളുടെ ഇടയിൽ ഉള്ള ആഘോഷങ്ങളുടേയും ഉത്സവങ്ങളുടേയും സ്വാധീനം ക്രിസ്തുവിശ്വാസികളുടെമേൽ ഉണ്ടായി എന്നതും, ഇന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നതും വാസ്തവമാണ്.

ശമുവേലിന്റെ വാർദ്ധക്യസമയത്തു യിസ്രായേൽ മൂപ്പന്മാർ എല്ലാവരും ഒന്നിച്ചു രാമയിൽ ശമുവേലിന്റെ അടുക്കൽ വന്നു തങ്ങൾക്കു രാജാവിനെ നിയമിച്ചുകിട്ടേണ്ടതിനു അപേക്ഷിക്കുന്നതു കാണുന്നു. അവരുടെ വാക്കുകൾ ശ്രദ്ധിക്കുക, "ആകയാൽ സകല ജാതികൾക്കുമുള്ളതുപോലെ ഞങ്ങളെ ഭരിക്കേണ്ടതിനു ഞങ്ങൾക്കു ഒരു രാജാവിനെ നിയമിച്ചുതരേണമെന്നു പറഞ്ഞു" (1 ശമുവേൽ 8 : 5). അവർക്കു ചുറ്റും ഉണ്ടായിരുന്ന ജാതികളുടെ സ്വാധീനം നമുക്കു ഇവിടെ വ്യക്തമായും മനസ്സിലാകുന്നുണ്ട്. ജാതികളോടു താദാത്മ്യം പ്രാപിക്കാനുള്ള പ്രവണത അവരിൽ എത്ര ശക്തമായിരുന്നു എന്നു ചിന്തിക്കുക. "ഈ ലോകത്തോടു അനുരൂപരാകരുത്" (റോമർ 12:2) എന്നു വചനം അനുശാസിക്കുന്നു എങ്കിലും നമുക്കു ചുറ്റുമുള്ള ജനങ്ങളുടെ ജീവിതരീതികളുടെയും വിശ്വാസത്തിന്റെയും ആചാരങ്ങളുടെയും എല്ലാം സ്വാധീനം ഒരു വലിയ സമ്മർദ്ധമായി നിലനിൽക്കുന്നു. "അങ്ങനെ ചെയ്താൽ എന്താണ് അതിൽ തെറ്റ്" എന്ന ചിന്താഗതി പലരിലും വളരുകയും ബലപ്പെടുകയും ചെയ്യുന്നു. തൽഫലമായി ജാതീയ ആചാരങ്ങളുടെ ക്രിസ്തീയ പതിപ്പായി ഇതു ക്രിസ്തു വിശ്വാസികളിൽ പ്രബലപ്പെടുന്നു.

സുവിശേഷീകരണം ക്രിസ്തുശിഷ്യന് എന്നുമുള്ള ദൗത്യമാണ്. അതു ക്രിസ്തുമസ്സിന്റെ ആനുകൂല്യം പറ്റി ചെയ്യേണ്ടതുണ്ടോ? ലോകത്തിനു എന്തു സന്ദേശമാണ് നാം കൊടുക്കുന്നതെന്നു ചിന്തിക്കുക. ഈ അനാചാരത്തിനു അടിവര ഇട്ടു അതു ശരി എന്നു സമ്മതിക്കുകയല്ലേ....?

ക്രിസ്തുശിഷ്യനും ക്രിസ്തുമസ്സും

ക്രിസ്തീയ സമുദായങ്ങളിൽ എങ്ങനെയാണ് പെരുന്നാൾ ആചരണവും ക്രിസ്തുമസ്സ്, പെസഹാ, ദു:ഖവെള്ളിയാഴ്ച, ഈസ്റ്റർ തുടങ്ങിയ ആഘോഷങ്ങളും ഉടലെടുത്തതെന്നു അന്വേഷണബുദ്ധിയോടെ പഠിക്കുന്നതും, തെറ്റും ശരിയും വിവേചിച്ച് അറിയുന്നതും നന്നായിരിക്കും. ദൈവജനം ജാതീയ ആഘോഷങ്ങളിൽ പങ്കുചേരാതിരിക്കുന്നതിനു അവരുടെ ആഘോഷ ദിവസങ്ങളിൽ തന്നെ ക്രിസ്തീയ വിശ്വാസത്തിനുവേണ്ടി നിലനിന്നു രക്തസാക്ഷിത്വം വരിച്ച ഭക്തന്മാരുടെ ജീവിത സാക്ഷ്യം ജനങ്ങളെ പറഞ്ഞുകേൾപ്പിക്കുന്ന ദിനങ്ങളായി വേർതിരിച്ചിരുന്നു. ഇതാണ് പല ഓർമ്മപെരുന്നാളുകളായി പിൽക്കാലത്ത് രൂപാന്തരപ്പെട്ടത്.

ക്രിസ്തുമസ്സ് ആഘോഷത്തിനും ജാതീയ ആഘോഷവുമായി ബന്ധമുണ്ടെന്നുള്ളതു പകൽ വെളിച്ചം പോലെ തെളിയായ കാര്യമാണല്ലോ. എങ്കിലും നാം ക്രിസ്തുവിനെ അല്ലേ ഓർക്കുന്നതെന്നും, അതു സുവിശേഷം അറിയിക്കുന്നതിനു തക്ക അവസരമാണെന്നും ഉള്ള വാദത്തിനു വേർപെട്ട വിശ്വാസസമൂഹങ്ങളിലും മേൽക്കൈ ഉണ്ടായിട്ടുണ്ട്. നമ്മുടെ ബുദ്ധിയിൽ ഈ വാദങ്ങൾ നല്ലതാണെന്നു തോന്നിയതുകൊണ്ട് നാം ചെയ്യുന്നതു ശരി എന്നു വരുന്നില്ല. ദൈവത്തിന്റെ ഇഷ്ടമല്ലാത്തതെല്ലാം തെറ്റും, അതു നമ്മെ യഥാർത്ഥ ദൈവഭക്തിയിൽ നിന്നകറ്റുന്നതും ആത്മീയ ജീവിതത്തെ അപകടത്തിൽ ആക്കുന്നതുമാണ്.

ഓരോ രാജ്യത്തും/സംസ്ഥാനത്തും ഓരോ മതത്തിലും അവരുമായി ബന്ധപ്പെട്ടിരിക്കുന്ന മഹാന്മാരുടെ ജന്മദിനത്തിനു അവർ പ്രാധാന്യത കൊടുത്തു ആഘോഷിക്കുന്ന രീതി നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. നമ്മുടെ ഇന്ത്യയിൽ മഹാവീർ ജയന്തിയും, ശ്രീനാരായണഗുരു ജയന്തിയും ഒക്കെ അതിനുദാഹരണങ്ങളാണ്. എന്നാൽ ആരെല്ലാം എവിടെ എല്ലാം ആരുടെ ഒക്കെ ജന്മദിനം ആഘോഷിക്കുന്നുണ്ടെങ്കിലും ഒരു കാര്യം വ്യക്തമാണ്, അവർ ജന്മദിനം ആഘോഷിക്കുന്ന വ്യക്തി അദ്ദേഹത്തിന്റെ ജനനം മുതലെ അസ്തിത്വം പ്രാപിച്ചിട്ടുള്ളൂ. ജനനത്തിനു മുമ്പ് അദ്ദേഹം ഇല്ല. മരണം കൊണ്ടു അദ്ദേഹം മൺമറയുകയും ചരിത്രത്തിന്റെ താളുകളിലും അവരെ ബഹുമാനിക്കുന്നവരുടെ ഓർമ്മയിലും 'ഇങ്ങനെ ഒരു വ്യക്തി ഉണ്ടായിരുന്നു' എന്ന യാഥാർത്ഥ്യമായി ചുരുങ്ങുന്നു. യേശുക്രിസ്തുവിനെ നമുക്ക് ഈ കൂട്ടത്തിൽ ഉൾപ്പെടുത്തുവാൻ കഴിയുമോ?

ക്രിസ്ത്യാനിത്വം ഒരു മതമല്ലെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയേണ്ടതു വളരെ ആവശ്യമാണ്. ക്രിസ്തുവിനെ ഒരു മതസ്ഥാപകനായി കാണുന്നതു വികലമായ കാഴ്ചപ്പാടാണ്.. എല്ലാ മതങ്ങളെയും പോലെ ഒരു മതമായി ലോകം ക്രിസ്ത്യാനിത്വത്തെ വീക്ഷിക്കുന്നു; മതസ്ഥാപകനായി യേശുവിനെയും! എന്നാൽ അതു അങ്ങനെ അല്ല എന്നു തിരുത്തേണ്ടതു ക്രിസ്തുശിഷ്യന്മാർ അല്ലേ?

ക്രിസ്തുമസ്സ് ആഘോഷത്തിനും ജാതീയ ആഘോഷവുമായി ബന്ധമുണ്ടെന്നുള്ളതു പകൽ വെളിച്ചം പോലെ തെളിയായ കാര്യമാണല്ലോ. എങ്കിലും നാം ക്രിസ്തുവിനെ അല്ലേ ഓർക്കുന്നതെന്നും, അതു സുവിശേഷം അറിയിക്കുന്നതിനു തക്ക അവസരമാണെന്നും ഉള്ള വാദത്തിനു വേർപെട്ട വിശ്വാസസമൂഹങ്ങളിലും മേൽക്കൈ ഉണ്ടായിട്ടുണ്ട്.

യേശു നമ്മെ വിളിച്ചതു കുറെ തത്വസംഹിതകൾ വിശ്വസിക്കുവാനും, പഠിക്കുവാനും, പഠിപ്പിക്കുവാനുമൊന്നുമല്ല. ലോകത്തിന്റെ വെളിച്ചമായ, തന്നെ അനുഗമിക്കാനാണ് നമ്മെ വിളിച്ചിരിക്കുന്നത്. യേശുവിനെ സ്വജീവിതത്തിൽ പകർത്തുവാൻ ആഗ്രഹിക്കുന്നവനാണ് ക്രിസ്തുശിഷ്യൻ. യേശുവിനെ തന്റെ മതൃകയായി സ്വീകരിച്ച് അവൻ നടന്ന പാതയിൽ നടക്കുന്നു. ഇതാണ് ക്രിസ്തീയ ജീവിതം. ഇവിടെ നമ്മുടെ ചിന്തകൾ രൂപാന്തരപ്പെടുന്നതിനാൽ ജീവിതം രൂപാന്തരപ്പെടുന്നു. ശരിയായ ജീവിത വീക്ഷണം പ്രാപിക്കുന്നതിനാൽ ജീവിതം ലക്ഷ്യമുള്ളതായും തീരുന്നു. അങ്ങനെ ലോകത്തിന്റെ വെളിച്ചവും ഉപ്പുമായിത്തീർന്നു സമൂഹത്തിനു നേർവഴി കാട്ടുന്ന സമൂഹമായി നാം നിലനില്ക്കേണ്ടതാണ്.

ക്രിസ്തുമസ്സ് ആചരണത്താൽ നാം ക്രിസ്തുമാർഗത്തെ ഒരു മതമായി തരം താഴ്ത്തുകയും, ക്രിസ്തുവിനെ ലോകത്തിലെ മറ്റു മഹാന്മാരുടെ സ്ഥാനത്തേക്കു താഴ്ത്തുകയും അല്ലേ ചെയ്യുന്

തെന്നു ചിന്തിച്ചു നോക്കുക. ജനനത്താൽ മാത്രം അസ്തിത്വം പ്രാപിച്ചവനല്ല ക്രിസ്തു. താൻ നമ്മുടെ സ്രഷ്ടാവായ ദൈവമാണ്. അവനു ഒരു ജനനതീയതി കുറിക്കുന്നത് ആര്?

ആരുടേയും മരണമാഘോഷിക്കുന്നില്ല. കാരണം മരണം കൊണ്ടു പ്രവർത്തന മണ്ഡലത്തിൽ നിന്നു മാഞ്ഞുപോയവരാണ് എല്ലാവരും. എന്നാൽ "എന്റെ ഓർമ്മയ്ക്കായി ചെയ്വീൻ" എന്നു പറഞ്ഞു അപ്പം നുറുക്കി തന്റെ മരണത്തെ ആഘോഷിക്കുവാൻ കർത്താവു നമ്മോടു കല്പിച്ചിരിക്കുന്നു. മരണദിവസമല്ല തന്റെ മരണമാണ് ആഘോഷിക്കുവാൻ നമ്മോടു കല്പിച്ചിരിക്കുന്നത് എന്നതോർക്കുക. കർത്താവു മരിച്ചു അടക്കപ്പെട്ടു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. തന്റെ മരണം നമുക്കായിട്ടായിരുന്നു. ഇന്നു താൻ നമുക്കായി ജീവിക്കുന്നു. കർത്താവു തന്റെ പ്രവർത്തനമണ്ഡലത്തിൽ സജീവമായിരിക്കുന്നു.

യേശുവിന്റെ ജനന തീയതി സുവിശേഷങ്ങളിൽ ആരും കുറിച്ചിട്ടില്ല. ദൈവാത്മാവിന്റെ പ്രേരണയാൽ ഓരോ സുവിശേഷത്തിന്റെ എഴുത്തുകാരും എഴുതി എന്നു നാം വിശ്വസിക്കുന്നു. ഓരോ സുവിശേഷത്തിലും ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ അവർ ഉൾപ്പെടുത്തി. പക്ഷെ ജനനം രേഖപ്പെടുത്തിയതല്ലാതെ ജനിച്ച കൃത്യമായ ഇടമോ തീയതിയോ ഒന്നും രേഖപ്പെടുത്തിയില്ല. ഇതു ദൈവത്തിനു മറവി പറ്റിയതുകൊണ്ടല്ലല്ലൊ. സുവിശേഷം എഴുതിയവർക്കും ജനനതീയതി എന്ന ആശയം ലേശവും ഉണ്ടായിരുന്നില്ലല്ലോ. അതിനാൽ ദൈവം അതു ബോധപൂർവ്വം മറെച്ചുവെച്ച കാര്യമാണെന്നു മനസ്സിലാക്കണം. അതിനാൽ നാം ഒരു തീയതി നിശ്ചയിക്കുന്നതും ആ തീയതിയിൽ ക്രിസ്തുവിന്റെ ജനനം കൊണ്ടാടുന്നതും ദൈവ ഇഷ്ടത്തിനു വിരുദ്ധമാണെന്നു മനസ്സിലാക്കരുതോ?

ആഘോഷിക്കണം എന്നല്ലാതെ ആഘോഷം എന്തിനെന്നോ, ആ വസ്തുതയിൽ കഴമ്പുണ്ടോ എന്നതോ സാധാരണ ജനങ്ങൾക്കു പ്രശ്നമല്ല. മതവിശ്വാസത്തിൽ പിൻതുടർന്നു പോരുന്ന പല വിശ്വാസങ്ങളും ആചാരങ്ങളും ഈ കൂട്ടത്തിൽപെടുന്നു. അവർ ആചാരങ്ങളിലും ആഘോഷങ്ങളിലും ഒരു സംതൃപ്തി കണ്ടെത്തുന്നു. ക്രിസ്തുമസ്സും ഈ കൂട്ടത്തിലുള്ള ഒരു ആചാരമാണ്. അതിനാൽ ഏറ്റവും കൂടുതൽ മദ്യം വില്ക്കുന്ന ദിനമായി അതു മാറി. പാപത്തിൽ നിന്നും രക്ഷിക്കുന്ന 'രക്ഷകൻ' പിറന്നു എന്നു പറഞ്ഞു പാപം ചെയ്തു ആഘോഷിക്കുമ്പോൾ അതു ക്രിസ്തുവിനെ അപമാനിക്കുന്നതല്ലേ...? അതിനാൽ ഇതിന്റെ പിന്നിൽ പ്രവർത്തിച്ചതു പിശാചു തന്നെയല്ലേ.? മതത്തിന്റെ കുപ്പായം ധരിപ്പിച്ച് ക്രിസ്തുവിശ്വാസികളെ അവൻ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും കളം ഒരുക്കി ക്രിസ്തുവിൽ നിന്നും അകറ്റുകയല്ലേ ചെയ്തത്? യഥാർത്ഥമായും വീണ്ടുംജനനം പ്രാപിച്ച ദൈവമക്കൾ പിശാചിന്റെ തന്ത്രങ്ങൾ മനസ്സിലാക്കുകയും ആ കെണിയിൽ നിന്നും ക്രിസ്തുവിശ്വാസികളെ മോചിപ്പിക്കുവാൻ ശ്രമിക്കയും വേണം.

യേശു ജനിച്ച, മരിച്ച, ഉയർത്തെഴുന്നേറ്റ ദിവസങ്ങൾക്കല്ല പ്രത്യേകത; മറിച്ച് തന്റെ ജനനത്തിനും, മരണത്തിനും ഉയിർത്തെഴുന്നേല്പിനുമാണ്. വിശ്വസിക്കുന്നവർക്കു അതു തങ്ങളുടെ സ്വന്ത ജീവിതത്തിൽ ഉൾക്കൊള്ളുന്ന അനുഭവമായിത്തീരുന്നു.

യേശു ജനിച്ച, മരിച്ച, ഉയിർത്തെഴുന്നേറ്റ ദിവസങ്ങൾക്കല്ല പ്രത്യേകത; മറിച്ച് തന്റെ ജനനത്തിനും, മരണത്തിനും ഉയിർത്തെഴുന്നേല്പിനുമാണ്. വിശ്വസിക്കുന്നവർക്കു അതു തങ്ങളുടെ സ്വന്ത ജീവിതത്തിൽ ഉൾക്കൊള്ളുന്ന അനുഭവമായിത്തീരുന്നു. അതു ക്രിസ്തുവിനെപ്പോലെ ആകുവാനുള്ള ആഗ്രഹം അവരിൽ ഉണർത്തുകയും ക്രിസ്തുവിന്റെ കാൽപ്പാടുകളെ പിന്തുടരുവാൻ ശക്തി പകരുകയും ചെയ്യുന്നു. അവർക്കു എന്നും ജീവിതം ക്രിസ്തുവിൽ ആഘോഷമാണ് . എന്നും ആഘോഷിക്കുന്നവർക്കു ഒരു ദിവസം മാത്രം വേർതിരിച്ച് ആഘോഷിക്കുന്നതിനു സാധ്യമല്ലല്ലോ.

സുവിശേഷീകരണം ക്രിസ്തുശിഷ്യന് എന്നുമുള്ള ദൗത്യമാണ്. അതു ക്രിസ്തുമസ്സിന്റെ ആനുകൂല്യം പറ്റി ചെയ്യേണ്ടതുണ്ടോ? ലോകത്തിനു എന്തു സന്ദേശമാണ് നാം കൊടുക്കുന്നതെന്നു ചിന്തിക്കുക. ഈ അനാചാരത്തിനു അടിവര ഇട്ടു അതു ശരി എന്നു സമ്മതിക്കുകയല്ലേ....? തെറ്റും ശരിയും വിവേചിക്കുവാൻ നമുക്കു ദൈവം കൃപ നൽകട്ടെ.



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

നമ്മുടെ കാൽക്കീഴിലെ മണ്ണ്

വീണ്ടെടുക്കപ്പെട്ടവർ എന്ന് നമ്മെക്കുറിച്ചുതന്നെ പ്രഘോഷിച്ചതുകൊണ്ടോ നമ്മുടെ അഹങ്കാരത്തെ ദൈവം ക്ഷമിക്കുമെന്നു കരുതരുത്. ലൂസിഫറിന്റെ അഹങ്കാരത്തെ സ്വർഗോന്നതങ്ങളിൽ എതിർത്ത ദൈവം ഭൂമിയിൽ നമ്മുടെ അഹങ്കാരത്തെയും സഹിക്കില്ല. ഏറ്റവും സങ്കടകരമായ കാര്യം, നമ്മിലെ ആത്മിക അഹങ്കാരം നമുക്കു ഒരു തെറ്റായി തോന്നുകപോലും ചെയ്യാത്ത വിധം നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ലയിച്ചു ചേർന്ന ഒരു പ്രകൃതമായി മാറിക്കഴിഞ്ഞു എന്നതാണ്.

ഒരു പ്രസംഗകൻ എന്ന നിലയിൽ ഞാൻ പല പ്രധാന പ്രാർഥനാ സമ്മേളനങ്ങളിലും ശുശ്രൂഷിക്കാറുണ്ട്. ക്രിസ്തുവിന്റെ സഭയാം ശരീരത്തെ എതിർക്കുന്ന ശക്തികളെക്കുറിച്ചുള്ള സംശയങ്ങളും ചോദ്യങ്ങളും അത്തരം മീറ്റിംഗുകളിൽ ഉയർന്നുവരാറുണ്ട്. അവരവരുടെ പ്രവർത്തനസ്ഥലങ്ങളിൽ അവർക്കെതിരെ ചെറുത്തുനില്ക്കുന്ന പൈശാചിക ശക്തിയുടെ പേരു പറഞ്ഞുകൊടുക്കാമോ എന്നുവരെ പ്രാദേശിക പ്രവർത്തകരായ ദൈവദാസന്മാർ ചോദിക്കാറുണ്ട്. ഒരിക്കൽ ഞാൻ ചോദിച്ചു 'ക്രിസ്ത്യാനികളോട് ഏറ്റവും അധികം എതിർപ്പു പ്രകടിപ്പിക്കുന്ന മഹാശക്തി ഏതെന്ന് അറിയണമോ' എന്ന്. ആളുകൾ ആകാംഷാഭരിതരായി ശ്രദ്ധിച്ചപ്പോൾ ഞാൻ പറഞ്ഞു 'യഹോവയായ ദൈവം'. ആകെ വിഷമിച്ചുപോയ ശ്രോതാക്കൾ ധരിച്ചത് ഞാൻ അവരുടെ ചോദ്യം തെറ്റിദ്ധരിച്ചാണു മറുപടി പറഞ്ഞതെന്നാണ്. ഞാൻ അവരെ യാക്കോബ് 4.6 ലേക്കു നയിച്ചു. "...ദൈവം നിഗളികളോട് എതിർത്തുനില്ക്കയും താഴ്മയുള്ളവർക്കു കൃപ നല്കുകയും ചെയ്യുന്നു".നാം നമ്മെത്തന്നെ മറ്റുള്ളവരിൽനിന്നും വേറിട്ടു കാണുകയും ഇതര സഭകളെ നമ്മെക്കാൾ മാറ്റുകുറഞ്ഞവരായി കാണുകയോ നമ്മെത്തന്നെ ഉയർത്തുന്ന നിലപാടു കൈക്കൊള്ളുകയോ ഒക്കെ ചെയ്യുമ്പോൾ നാം സ്വയപ്രശംസയിലും അഹങ്കാരത്തിലുമാണു നടക്കുന്നത്. ഇത്തരം ഒരവസ്ഥയിൽ നമ്മുടെ മുന്നോട്ടുള്ള ഗമനത്തിനു തടസ്സം നില്ക്കുന്നത് ഒരു പൈശാചിക ശക്തിയുമായിരിക്കില്ല, അതു ദൈവം തന്നെയായിരിക്കും.

ഞായറായഴ്ച ഉച്ചത്തിൽ മൂന്നു പാട്ടു പാടിയതുകൊണ്ടോ, വീണ്ടെടുക്കപ്പെട്ടവർ എന്ന് നമ്മെക്കുറിച്ചുതന്നെ പ്രഘോഷിച്ചതുകൊണ്ടോ നമ്മുടെ അഹങ്കാരത്തെ ദൈവം ക്ഷമിക്കുമെന്നു കരുതരുത്. ലൂസിഫറിന്റെ അഹങ്കാരത്തെ സ്വർഗോന്നതങ്ങളിൽ എതിർത്ത ദൈവം ഭൂമിയിൽ നമ്മുടെ അഹങ്കാരത്തെയും സഹിക്കില്ല. ഏറ്റവും സങ്കടകരമായ കാര്യം, നമ്മിലെ ആത്മിക അഹങ്കാരം നമുക്കു ഒരു തെറ്റായി തോന്നുകപോലും ചെയ്യാത്ത വിധം നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ലയിച്ചു ചേർന്ന ഒരു പ്രകൃതമായി മാറിക്കഴിഞ്ഞു എന്നതാണ്. ഇത് ദൈവജനത്തിന്

ആത്മികവരൾച്ചയായിരിക്കും നല്കുക എന്നതിന് സംശയംവേണ്ട. രക്ഷയുടെ പാനപാത്രവും അഹങ്കാരത്തിന്റെ വിഷംകലർന്ന പാനപാത്രവും ഒരേ മേശമേൽ വാഴ്ത്തപ്പെടുകയില്ല.

അന്വേഷിക്കയും വിധിക്കയും ചെയ്യുന്നവൻ

"ഞാൻ എന്റെ മഹത്വം അന്വേഷിക്കുന്നില്ല. അന്വേഷിക്കയും വിധിക്കയും ചെയ്യുന്ന ഒരുവനുണ്ട്" (യോഹന്നാൻ 8.50). യേശു ഒരിക്കലും സ്വയം മഹത്വമെടുക്കാൻ ആഗ്രഹിച്ചില്ല. എന്നാൽ നാമോ? വസ്ത്രം വാങ്ങുമ്പോൾ, കാറു വാങ്ങുമ്പോൾ, വീടു പണിയുമ്പോൾ, സ്ഥാനമാനങ്ങൾ സ്വീകരിക്കുമ്പോൾ ഒക്കെ പിന്നണിയിൽ പതുങ്ങിയിരിക്കുന്ന മനോഭാവം എന്തായിരിക്കും? യേശു തുടർന്നു പറഞ്ഞതെന്താണ്? 'അന്വേഷിക്കുകയും വിധിക്കയും ചെയ്യുന്ന ഒരുവനുണ്ട്' എന്നല്ലേ? നാം നമ്മെത്തന്നെ ഉയർത്തുവാൻ ശ്രമിക്കുന്ന ഓരോ സന്ദർഭത്തെയും ദൈവം അറിയുകയും വിലയിരുത്തുകയും ചെയ്യുന്നു. "...ദൈവമോ നിങ്ങളുടെ ഹൃദയം അറിയുന്നു. മനുഷ്യരുടെ ഇടയിൽ ഉന്നതമായതു ദൈവത്തിന്റെ മുമ്പാകെ അറപ്പത്രെ (ലൂക്കോസ് 16.15).

മനുഷ്യന്റെ അഹങ്കാരത്തോടു ദൈവത്തിനുള്ള വിയോജിപ്പിന്റെ ഉദാഹരണങ്ങൾ പഴയനിയമത്തിൽ വളരെയാണ്. യിസ്രായേലിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും പലപ്പോഴും തടയിട്ടത് ശത്രുരാജ്യങ്ങളായിരുന്നില്ല, യഹോവയായ ദൈവമായിരുന്നു. തലമുറ തലമുറയായി പലപ്പോഴും യിസ്രായേൽ ജനത്തിന്റെ അഹങ്കാരത്തെ താഴ്ത്തുവാൻ അവരുടെ ശത്രുക്കളെ ദൈവം അനുവദിച്ചു. അവർ തകർച്ചയിലും തൽഫലമായ താഴ്മയിലും അന്തിമഫലമായ അനുതാപത്തിലും എത്തുവാനായിരുന്നു അത്. ഹൃദയത്തകർച്ചയും അനുസരണവും ഉണ്ടാകുമ്പോൾ ദൈവത്തിന് അവരുടെ പാപങ്ങളെ പരിഹരിക്കുവാനും ദേശീയമായ ഉദ്ധാരണം നല്കുവാനും കഴിഞ്ഞു.

ദൈവം എങ്ങനെയാണ് യിസ്രായേലിനോട് അപേക്ഷിക്കുന്നത് എന്നു നോക്കുക: "അയ്യോ എന്റെ ജനം എന്റെ വാക്കു കേൾക്കയും യിസ്രായേൽ എന്റെ വഴികളിൽ നടക്കയും ചെയ്തുവെങ്കിൽ കൊള്ളായിരുന്നു. എന്നാൽ ഞാൻ വേഗത്തിൽ അവരുടെ ശത്രുക്കളെ കീഴടക്കുമായിരുന്നു. എങ്കിൽ അവരുടെ ശുഭകാലം എന്നേക്കും നില്ക്കുമായിരുന്നു" (സങ്കീർത്തനം 81:13,14). നമ്മുടെ കാര്യവും വ്യത്യസ്തമല്ല. നമുക്കും ശത്രുവിന്റെ മേൽ ജയം ആവശ്യമാണ്. നമ്മുടെ ശത്രുക്കൾക്കെതിരെ ദൈവത്തിന്റെ ശക്തി പുറപ്പെട്ടു ചെല്ലണം. ആരെ വിഴുങ്ങേണ്ടൂ എന്നു തിരഞ്ഞ് അലറി നടക്കുന്ന ശത്രു ഈ നാടിന്റെ തെരുവുകളിൽ സജീവമാണ്. നമ്മുടെ ശത്രുവിനെ നാം നേരിടുക എന്നതിലുപരി നമ്മെ നേരിടുവാനും വിധേയപ്പെടുത്തുവാനും ദൈവത്തെ അനുവദിക്കുക എന്നതാണ് പ്രധാനം. നാം ദൈവത്തിനു സമ്പൂർണ്ണമായി വിധേയപ്പെടുന്നതാണ് ശത്രുവിന്മേലുള്ള നമ്മുടെ വിജയത്തിന്റെ ശരിയായ നിദാനം. നാം ദൈവത്തോടു പഠിക്കുന്നവരായാൽ നാമും സൗമ്യതയും താഴ്മയും ഉള്ളവരാകും (മത്തായി 11.29).

ആരെ വിഴുങ്ങേണ്ടൂ എന്നു തിരഞ്ഞ് അലറി നടക്കുന്ന ശത്രു ഈ നാടിന്റെ തെരുവുകളിൽ സജീവമാണ്. നമ്മുടെ ശത്രുവിനെ നാം നേരിടുക എന്നതിലുപരി നമ്മെ നേരിടുവാനും വിധേയപ്പെടുത്തുവാനും ദൈവത്തെ അനുവദിക്കുക എന്നതാണ് പ്രധാനം.

ദേശത്തിനു സൗഖ്യം വരുത്തുക

"എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമ്മാർഗങ്ങളെ വിട്ടുതിരിയുമെങ്കിൽ, ഞാൻ സ്വർഗത്തിൽനിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിനു സൗഖ്യം വരുത്തിക്കൊടുക്കും" (2 ദിനവൃത്താന്തം 7:14). ഈ വാക്യം നമുക്കു സുപരിചിതമാണ്. ഞാൻ എന്നെത്തന്നെ താഴ്ത്തി പ്രാർഥിക്കുന്നുണ്ട് എന്ന് നിങ്ങൾ അവകാശപ്പെടുന്നുണ്ടാവാം. നല്ലത്, എന്നാൽ മറ്റുള്ളവരെക്കാൾ താഴ്ചയുള്ളവനാണ് ഞാനെന്ന് നന്നായി ബോധ്യപ്പെടുന്നതുവരെ ദൈവമുമ്പിൽ നിങ്ങളുടെ താഴ്മ പൂർണമാകില്ല.

ഓരോരുത്തരും മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠർ എന്ന് എണ്ണേണം. മറ്റുള്ളവർ എന്നു കർത്താവു പറയുമ്പോൾ നാം കാണുന്നത് നമ്മുടെ ചെറിയ ഒരു വൃത്തത്തിലുള്ളവരെയാണ്. അതായത്, സ്വന്തക്കാർ, സ്വന്ത സഭക്കാർ, അയൽക്കാർ, സ്നേഹിതർ അത്രമാത്രം. എന്റെ ജനം എന്നു കർത്താവു പറയുമ്പോൾ അതിൽ രക്ഷിക്കപ്പെട്ട എല്ലാവരും ഭാഷാ, ദേശ, പ്രായ വ്യത്യാസമില്ലാതെ എല്ലാവരും. എല്ലാ സംസ്ക്കാരത്തിലുള്ളവരും ഏതു

ജാതിവിഭാഗത്തിൽ പെട്ടവരും അതിലുണ്ടാകും. കൃപാവരങ്ങളിലും ശുശ്രൂഷകളിലും വ്യത്യാസം ഉണ്ടാകും, എന്നാൽ അതിനാൽ ആരും വലിയവരാകുന്നില്ല. എല്ലാവരുടെയും മുമ്പിൽ താഴുവാൻ കഴിയണം.

പരമ്പരാഗതമായി സഭാ സംവിധാനത്തിൽ, നമ്മുടെ ഇടയിൽ നിലനില്ക്കുന്ന ചില അതിർ വരമ്പുകളും ചേരിതിരിവുകളുമുണ്ട്. ഇതിൽ സാത്താന്റെ കയ്യാണുള്ളത്. ഒന്നാം നൂറ്റാണ്ടിൽ പരീശന്മാർ തങ്ങൾ വേർപാടുള്ളവർ എന്നു കാണിച്ച് ജനത്തിൽനിന്നും അകന്നു നിന്നു. പരീശൻ എന്നതിന്റെ വാച്യാർഥം വേർപെട്ടവൻ എന്നു തന്നെയാണ്. പരീശന്മാർ പുലർത്തിയ വേർപാട് ആധുനിക യുഗത്തിലെ സഭകളിൽ കടന്നുകൂടിയിട്ടുണ്ടോ എന്നു സംശയിക്കണം. നാം ജനത്തിൽ നിന്നല്ലല്ലോ അകലേണ്ടത്. ഞങ്ങളുടെ ദേശത്തെ സൗഖ്യമാക്കേണമേ എന്നു നാം പ്രാർഥിക്കും. എന്നാൽ സ്വയം താഴ്ത്തുന്ന ആളുകൾ ചിവിട്ടിനില്ക്കുന്ന ദേശത്തെയാണ് സൗഖ്യമാക്കാൻ ദൈവം തിരഞ്ഞെടുക്കുന്നത്. താണുവീണു പ്രാർഥിക്കുന്ന എളിയവരാണ് ദേശത്തിന്റെ ഉണർവ് കാണുന്നത്.

ക്രിസ്ത്യാനികൾ തമ്മിലുള്ള ജീവൽ ബന്ധത്തിലാണ് നമ്മുടെ ദേശത്തിന്റെ വിടുതലിന്റെ രഹസ്യം മറഞ്ഞിരിക്കുന്നത്. മറ്റുള്ളവരിൽ നിന്നും നമുക്കുണ്ടായ തിക്താനുഭവങ്ങൾ മായാതെ നമ്മുടെ മനസ്സിൽ സജീവമായിരിക്കും, എന്നാൽ നേരേ മറിച്ചുള്ളവയോ? നമുക്കും നാം മുറിവേല്പിച്ചിട്ടുള്ളവർക്കും ഇടയിലുള്ള 'നിലത്ത്' ഉണർവുണ്ടാക്കാനുള്ള വഴി എന്താണ്? നമ്മുടെ ഭാഗത്തു നിന്നും സംഭവിച്ചിട്ടുള്ള വീഴ്ചകളെ ഓർത്ത് 'തന്നെത്താൻ താഴ്ത്തി പ്രാർഥിക്കുന്ന'വരായി നാം മാറുമ്പോൾ ദൈവത്തിൽ നിന്നുമുള്ള സൗഖ്യം പ്രവഹിച്ചു തുടങ്ങും.


ദൈവം അഹങ്കാരികളോട് എതിർത്തു നില്ക്കും എന്നതു സത്യമായിരിക്കുന്നതുപോലെ തന്നെ താഴ്മയുള്ളവരോടു അവൻ കൃപയും കാണിക്കും. ദൈവത്തിന്റെ കരുണ നമ്മെ പൊതിഞ്ഞു സൂക്ഷിക്കുന്നു, അതു നമ്മെ ശുദ്ധീകരിക്കയും, ദൈവശക്തിയാൽ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. നമുക്കു തനിയെ ചെയ്യാൻ കഴിയാത്ത വൻകാര്യങ്ങളാണ് വിനയപ്പെടുന്ന നമ്മിലൂടെ ദൈവം ചെയ്യുന്നത്. നമ്മുടെ കാല്ക്കീഴിലെ നിലം ഉണർവെന്തെന്ന് അറിയട്ടെ.

കേട്ടറിവ്

ഇന്നത്തെ സമൃദ്ധിയും ദാരിദ്രവും

* ധനം ഏറെ - മൂല്യം കുറവ്
* വ്യാജം ഏറെ - സത്യം കുറവ്
* വാക്കുകൾ ഏറെ - ആത്മാർഥത കുറവ്
* അനുകരണം ഏറെ - അനുഭവം കുറവ്
* ബിരുദധാരികൾ ഏറെ - വിവേകശാലികൾ കുറവ്
* വീടുകൾ ഏറെ - സന്തുഷ്ട കുടുംബങ്ങൾ കുറവ്
* ജീവിതസൗകര്യങ്ങൾ ഏറെ - ജീവിക്കുന്നവർ ചുരുക്കം
* വിദഗ്ദന്മാർ ഏറെ പ്രശ്നങ്ങളും ഏറെ - പ്രശ്ന പരിഹാരം കുറവ്
* വീടുകൾക്കു മുറികൾ ഏറെ - കുടുംബത്തിൽ പാർക്കുന്നവർ ചുരുക്കം
* കുടുംബത്തിൽ വരുമാനമുള്ളവർ ഒന്നിലേറേ - വിധേയത്വമുള്ളവർ ചുരുക്കം
* അന്യഗ്രഹങ്ങളെക്കുറിച്ചുള്ള അറിവ് ഏറെ - അയല്ക്കാരെ അറിയുന്നവർ ചുരുക്കം

(നിങ്ങളിൽ ഏറെയുള്ളതും കുറവുള്ളതും ചേർത്തെഴുതി ഈ പട്ടിക പൂർത്തിയാക്കുക)





ഡോ. സജികുമാർ കെ. പി.

വാക്കുകളിൽ വ്യത്യസ്തരാകുക

"എ"രിതീയിൽ എണ്ണ ഒഴിക്കുന്നതുപോലെ" നിരാശയിലും ഭാരത്തിലും ഇരിക്കുന്നവരെ തളർത്തുന്ന വാക്കുകൾ പറയുന്ന ധാരാളം പേരുണ്ട്. പക്ഷേ ആ സമയത്ത് പ്രോത്സാഹനം തരുന്നതും ആശ്വാസിപ്പിക്കുന്നതുമായ വാക്കുകൾ ആരെങ്കിലും പറയുന്നു എങ്കിൽ ജീവിതകാലം മുഴുവൻ ഓർക്കത്തക്ക അനുഭവമായിരിക്കും അത്. പ്രകാശം പരത്തുന്ന മെഴുകുതിരിപോലെ, സൗരഭ്യം പരത്തുന്ന മനോഹര പുഷ്പം പോലെ, തക്കസമയത്ത് ആശ്വാസവും പ്രത്യാശയും പരത്തുന്ന വാക്കുകൾ പറയാൻ കഴിയുക എന്നത് ഒരു വലിയ ദൈവകൃപയാണ്. അങ്ങനെയുള്ള വാക്കുകൾ പറയുന്നതിലേക്ക് നമ്മെ ഒരുക്കുന്ന ചില ചിന്തകൾ നോക്കാം.

ആദ്യമായി മുറിപ്പെടുത്തുന്ന വാക്കുകൾ പറഞ്ഞ ചിലരും അവർ ഉണ്ടാക്കിയ പ്രശ്നങ്ങളും വേദപുസ്തകത്തിൽ നിന്നു നോക്കാം:

1 ശമുവേൽ 1 : 7

മക്കൾ ഇല്ല എന്ന വിഷയത്തിൽ വളരെ ഭാരപ്പെട്ടിരുന്ന ഹന്നായെ കുത്തി മുറിവേൽപ്പിക്കുന്ന വാക്കുകളാണ് അവളുടെ 'പ്രതിയോഗി' പറഞ്ഞത്. എന്തൊക്കെയായിരിക്കാം അത്? അവൾ ഇനി എന്തിനാണ് പ്രാർഥിക്കുന്നത് എന്നും, ദൈവത്തിന് ഹന്നായോട് ഒരു കരുണയും ഇല്ല എന്നും, അതല്ലെങ്കിൽ ഏതോ മാരക പാപങ്ങൾ ചെയ്തതിന്റെ അനന്തരഫലമായ ശാപമാണ് ഹന്ന അനുഭവിക്കുന്നത് എന്നുമൊക്കെ ആയിരിക്കാം ആ വാക്കുകൾ. എത്രമാത്രം വേദനയാകാം ഈ വാക്കുകൾ ഹന്നയ്ക്ക് നൽകിയത്? അനന്തരഫലം എന്താണ്? ഹന്ന വളരെ കരഞ്ഞു, പട്ടിണി കിടന്നു.

ഇയ്യോബ് 2 : 7–10

ഇയ്യോബിന്റെ മാനസികാവസ്ഥ വളരെ ദയനീയമായ ഒരു സാഹചര്യം ആണ് ഇവിടെ. മക്കൾ നഷ്ടപ്പെട്ടു. ആടുമാടുകളും ദാസീദാസന്മാരും എല്ലാം നഷ്ടപ്പെട്ടു. ദേഹം മുഴുവൻ വ്രണങ്ങൾ നിറഞ്ഞു. ഇങ്ങനെ ശാരീരികമായും ആന്തരികമായും തകർന്നിരിക്കുന്ന ഒരു വ്യ

പ്രകാശം പരത്തുന്ന മെഴുകുതിരിപോലെ, സൗരഭ്യം പരത്തുന്ന മനോഹര പുഷ്പം പോലെ, തക്കസമയത്ത് ആശ്വാസവും പ്രത്യാശയും പരത്തുന്ന വാക്കുകൾ പറയാൻ കഴിയുക എന്നത് ഒരു വലിയ ദൈവകൃപയാണ്.

ക്തിയോട് അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞ വാക്കുകൾ എന്തൊക്കെ ആയിരുന്നു? എത്ര മൂർച്ചയുള്ള വാക്കുകൾ ആയിരുന്നിരിക്കാം അത്? നമ്മുടെ വാക്കുകൾ മൂർച്ചയുള്ള അസ്ത്രങ്ങൾ പോലെയാണ്. ചിലപ്പോൾ കേൾക്കുന്ന വ്യക്തികളെ കീറിമുറിക്കാൻ അത് ഇടവരുത്തിയേക്കാം. അങ്ങനെയുള്ള മുറിവ് അനേക നാളുകൾ നിലനിന്നേക്കാം.

നമ്മുടെ ദൈവം പ്രോത്സാഹനത്തിന്റെയും ആശ്വാസത്തിന്റെയും വാക്കുകൾ പറഞ്ഞ് ഉറപ്പിക്കുന്ന ദൈവമാണ്. ദൈവത്തോടു ചേർന്നു നടക്കാൻ ആഗ്രഹിക്കുന്നവരും അങ്ങനെ തന്നെ ആകണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവം കരുണ ഉള്ളവൻ എന്നതുപോലെ നാമും കരുണ ഉള്ളവർ ആകാൻ ശീലിച്ചാൽ ദൈവത്തിന്റെ വാക്കുകൾ നമുക്കും അനുകരിക്കാൻ സാധിക്കും. ചില സാഹചര്യങ്ങളിൽ ഭാരപ്പെട്ടും ആശയക്കുഴപ്പത്തിലും ആയിരുന്ന ചിലരെ ദൈവം ഇറങ്ങിവന്ന് ധൈര്യപ്പെടുത്തിയ വാക്കുകൾ വേദപുസ്തകത്തിൽ നിന്ന് വായിച്ചിട്ടില്ലേ; അവയിൽ ചിലത് ചുവടെ കൊടുക്കുന്നു.

1) ഉല്പത്തി 28 : 10 – 15

സ്വന്തം വീട്ടിൽ നിന്ന് ഓടിപ്പോകേണ്ടിവന്ന യാക്കോബ് ഇനി എന്തു സംഭവിക്കും എന്ന് വല്ലാതെ ആശയക്കുഴപ്പത്തിലായി. സ്വന്തം മാതാപിതാക്കളെ ഇനി ജീവനോടെ കാണാൻ കഴിയുമോ? ഇനി ഞാൻ എന്റെ സ്വന്തം നാട്ടിലേക്ക് മടങ്ങി പോകുമോ? എന്നിങ്ങനെ അനവധി ചോദ്യങ്ങളുമായി ഇരുട്ടുനിറഞ്ഞ അന്തരീക്ഷത്തിൽ കിടന്നപ്പോൾ ദൈവം ഇറങ്ങിവന്ന് യാക്കോബിന് ദർശനം കൊടുത്തു. എന്നുമാത്രമല്ല ദൈവം എന്നും കൂടെയുണ്ടാകും എന്നും സൂക്ഷിക്കും എന്നും ഈ സ്വന്തദേശത്തേക്ക് മടക്കി കൊണ്ടുവരും എന്നും ആശ്വാസത്തിന്റെ വചനം നൽകി.

2) യോശുവ 1 : 1–9

മോശെയുടെ മരണശേഷം തീർച്ചയായും യോശുവ വളരെ ആശയക്കുഴപ്പത്തിൽ ആയിരുന്നിരിക്കാം. ഈ ജനത്തെ മുഴുവൻ നേതൃത്വം നൽകി എങ്ങനെ മുന്നോട്ടു കൊണ്ടുപോകും എന്ന് ചിന്തിച്ച് നിരാശപ്പെടാൻ വളരെ സാധ്യത ഉണ്ടായിരുന്ന സമയത്ത് ദൈവം ഇറങ്ങിവന്ന് യോശുവയോട് 'ഉറപ്പും ധൈര്യവും ഉള്ളവൻ ആയിരിക്ക; മോശെയുടെ കൂടെ ഇരുന്നതുപോലെ ഞാൻ നിന്നോടു കൂടെയും ഇരിക്കും. നീ യിസ്രായേലിനെ അക്കരെ കടത്തും' എന്നൊക്കെ പറഞ്ഞപ്പോൾ യോശുവയ്ക്ക് എത്രയധികം ധൈര്യം ലഭിച്ചു കാണും?

നമുക്ക് ആദ്യം നമ്മുടെ മനസ്സിനെ ധൈര്യത്തോടെ നിലനിർത്താൻ കഴിഞ്ഞാലേ മറ്റുള്ളവരെ ധൈര്യപ്പെടുത്താൻ സാധിക്കൂ. അതിനായി നമ്മുടെ കഴിവുകളെ തിരിച്ചറിയാൻ ശ്രമിക്കുക. സ്വന്തനേട്ടങ്ങളിൽ സന്തോഷിക്കാൻ പഠിക്കുക. നന്നായി ധൈര്യത്തോടെ സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ പഠിക്കുക.

യോശുവ ഭാരപ്പെട്ട ഓരോ വിഷയങ്ങൾക്കും കൃത്യമായ ഉത്തരങ്ങൾ തന്നെ ആയിരുന്നു ദൈവം നൽകിയത്.

മറ്റുള്ളവരെ സ്ഥിരമായി മുറിപ്പെടുത്തുകയും എരിതീയിൽ എണ്ണ ഒഴിക്കുന്നതുപോലെ ദു:ഖിതരെ വേദനപ്പെടുത്തുകയും ചെയ്യുന്നവരുടെ പ്രശ്നം എന്താണ്? നമുക്ക് കൂട്ടുകാരുടെയും മറ്റും ഇടയിൽ പ്രോൽസാഹനങ്ങളും പ്രതീക്ഷകളും നൽകുന്ന ആളുകളാകാൻ ആഗ്രഹമില്ലേ?

തളർന്ന മനസ്സുകളെ ഉറപ്പിക്കാനും ക്ഷീണിതരെ ആശ്വസിപ്പിക്കാനും കഴിയുന്ന വിധത്തിൽ വ്യത്യസ്തരാകുവാൻ നാം എന്തു ചെയ്യണം?

1) ആദ്യമായി ചെയ്യേണ്ടത് നമ്മുടെ ആത്മവിശ്വാസം വർധിപ്പിക്കുക എന്നതാണ്. നമുക്ക് ആദ്യം നമ്മുടെ മനസ്സിനെ ധൈര്യത്തോടെ നിലനിർത്താൻ കഴിഞ്ഞാലേ മറ്റുള്ളവരെ ധൈര്യപ്പെടുത്താൻ സാധിക്കൂ. അതിനായി നമ്മുടെ കഴിവുകളെ തിരിച്ചറിയാൻ ശ്രമിക്കുക. സ്വന്തനേട്ടങ്ങളിൽ സന്തോഷിക്കാൻ പഠിക്കുക. നന്നായി ധൈര്യത്തോടെ സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ പഠിക്കുക. ഏതു പ്രതിസന്ധികളെയും കർത്താവിലാശ്രയിച്ച് ധൈര്യത്തോടെ തരണം ചെയ്യാൻ നമുക്കു സാധിച്ചാൽ മാത്രമേ മറ്റുള്ളവരിലേക്ക് ആ കഴിവ് പകരാൻ സാധിക്കുകയുള്ളൂ.

2) പ്രോത്സാഹനത്തിന്റെ വാക്കുകൾ പറഞ്ഞു ശീലിക്കുക:

വിഷമത്തിൽ ഇരിക്കുന്ന ഒരാളെ കണ്ടാൽ ഉടൻ ആ വ്യക്തിയോട് സംസാരിക്കാനും ആ വ്യക്തിയെ കേൾക്കാനും സമയം വേർതിരിക്കുക. ക്ഷമയോടെ ആ വ്യക്തി അവതരിപ്പിക്കുന്ന പ്രശ്നങ്ങ

ശേഷം പേജ് 25 ▶



യേശുവിന്റെ ഉയിർപ്പ് നമ്മുടെയും ഉയിർപ്പ്

ചെയ്സ് ജോസഫ്

ശരിയായ വിശ്വാസം പ്രവൃത്തിക്കളെ ഉളവാക്കുന്നു. ഈ വിശ്വാസത്തെ പൗലോസ് റോമാലേഖനം നാലാം അധ്യായത്തിന്റെ അവസാന വാക്യങ്ങളിൽ വിശദീകരിക്കുന്നു. അബ്രഹാമിന് ദൈവം നീതിമാൻ എന്ന അംഗീകാരം നൽകിയപ്പോൾ, അഥവാ, അവനു ദൈവം നീതി കണക്കിട്ടപ്പോൾ അത് അബ്രഹാമിന് മാത്രമല്ല അതേ വിശ്വാസം ഉള്ള എല്ലാവർക്കും കണക്കിട്ടു എന്ന് പൗലോസ് പറയുന്നു. അങ്ങനെ അനേകം വിശ്വാസികൾക്ക് അബ്രഹാം വിശ്വാസത്താൽ പിതാവായി തീർന്നു.

അതുകൊണ്ട് രക്ഷാകരമായ വിശ്വാസം ഏതെങ്കിലും ഒരു സഭയുടെ വിശ്വാസപ്രമാണത്തെ പിന്തുടരുന്നതല്ല, പിന്നെയോ അബ്രഹാമിന് ഉണ്ടായിരുന്ന അതേ വിശ്വാസം തന്നെ ഉണ്ടാവുക എന്നതാണ്. എന്തായിരുന്നു അബ്രഹാമിന് ഉണ്ടായിരുന്ന വിശ്വാസം എന്ന് നാം കഴിഞ്ഞ അധ്യായത്തിൽ കണ്ടു. അത് രണ്ടു കാര്യങ്ങളാണ്:

ഒന്നാമതായി മരിച്ചവരെ ഉയർപ്പിക്കുന്ന ദൈവത്തിൽ ഉള്ള വിശ്വാസം.

അതുകൊണ്ട് യേശുവിനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർപ്പിച്ചവനായ ദൈവത്തിൽ വിശ്വസിക്കുമ്പോൾ അബ്രഹാമിന്റെ അതേ വിശ്വാസം ഉള്ളവരായി നാം മാറുന്നു. ഈ വിശ്വാസത്തെ നമ്മുടെ നീതീകരണവുമായി ബന്ധപ്പെടുത്തി ആണ് പൗലോസ് അവതരിപ്പിച്ചിരിക്കുന്നത്. അബ്രഹാമിന് ദൈവം നൽകിയ വിശ്വാസം ദൈവത്തിന്റെ വാഗ്ദത്തങ്ങളിന്മേൽ ഉള്ളതായിരുന്നു. ഏതു സാഹചര്യത്തിലും ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നിറവേറപ്പെടാതെ പോവുകയില്ല എന്ന് അബ്രഹാമിന് അറിയാമായിരുന്നു. അതേ വാഗ്ദത്തം ക്രിസ്തുവിനെ ദൈവം മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേൽപ്പിച്ചപ്പോൾ നമുക്കും കണക്കിടപ്പെട്ടു.

നാലാം അധ്യായത്തിന്റെ അവസാനത്തെ രണ്ടു വാക്യങ്ങളിൽ പൗലോസ് അത് വ്യക്തമാക്കുന്നു. രണ്ടു കാര്യങ്ങൾ ആണ് യേശുവിന്റെ മരണ പുനരുത്ഥാനങ്ങളെ നമ്മുടെ രക്ഷയുമായി ബന്ധപ്പെടുത്തി പൗലോസ് പറയുന്നത്. നമ്മുടെ അതിക്രമങ്ങൾ നിമിത്തം ആണ് യേശു മരിച്ചത്. മരണത്തിൽ അവൻ നമുക്ക് പകരക്കാരൻ ആയിരുന്നു. ഞാൻ മരിക്കേണ്ടസ്ഥാനത്തു ക്രിസ്തു മരിച്ച് പകരക്കാരൻ ആയി. അതുപോലെ അവൻ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റപ്പോൾ അത് എന്റെ നീതീകരണം ആയിരുന്നു.

ഇവിടെ പ്രസക്തമായ ഒരു ചോദ്യം ഉണ്ട്. യേശു ക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്നതല്ല, പ്രത്യുത, പിതാവായ ദൈവം അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർപ്പിച്ചു എന്നതാണ് നമ്മുടെ രക്ഷയ്ക്ക് ആധാരമായി നൽകിയിട്ടുള്ളത്. പ്രത്യേകമായി പിതാവ് അവനെ എഴുന്നേൽപ്പിച്ചു എന്ന് ഏറ്റുപറയുന്നത് എന്തുകൊണ്ടാണ്? അതിനുകാരണം നമ്മുടെ നീതീകരണവുമായി അതിനു ബന്ധം ഉണ്ട് എന്നുള്ളതാണ്. യേശു നമുക്കുവേണ്ടി മരണത്തിനു ഏല്പിക്കപ്പെടുമ്പോൾ പിതാവിനാൽ കൈവിടപ്പെട്ടവനായി ക്രൂശിൽ കഷ്ടത അനുഭവിക്കുമ്പോൾ അവൻ വഹിച്ചതു എന്റെ പാപം നിമിത്തമുള്ള മുറിവുകളും അതിന്റെ ശിക്ഷയും ആണ്. അതിനാൽ ഉയിർത്തെഴുന്നേല്പ് സൂചിപ്പിക്കുന്നത് യേശു മരണത്തെ അതിജീവിച്ചു ഉയർത്തെഴുന്നേറ്റു എന്ന് മാത്രമല്ല, അവൻ ആർക്കുവേണ്ടി ആ ശിക്ഷയിലൂടെ കടന്നു പോയോ, അവരുടെ പാപത്തിന്റെ ശിക്ഷ തീർന്നു എന്നാണ്. അതായത് യേശുവിനെ പിതാവ് മരിച്ചവരിൽ നിന്ന് എഴുന്നേൽപ്പിക്കുമ്പോൾ നമ്മെ യേശുവിനോടു ചേർത്ത് ഉയർപ്പിക്കുകയാണ്. അതായത് എന്റെ ശിക്ഷാവിധികൾ തീർന്നു എന്നും യേശുവിന്റെ മരണ പുനരുത്ഥാനത്തിലൂടെ ഞാൻ ശിക്ഷാവിധിയിൽ നിന്ന് ജീവനിലേക്കു കടന്നു എന്നുമാണ്. അതുകൊണ്ട് പിതാവ് അവനെ നമുക്കായി സഹിച്ച മരണത്തിൽ നിന്ന് രക്ഷിച്ചു എന്ന് പറയുമ്പോൾ പിതാവായ ദൈവം ആ യാഗം അംഗീകരിച്ചു എന്നും യേശുവിന്റെ അനുസരണത്തിലൂടെ നമ്മെ രക്ഷിച്ചു എന്നും ആണ് നാം വിശ്വസിക്കുന്നത്. അതുകൊണ്ട് നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരിച്ചവനെ ദൈവം നമ്മുടെ നീതീകരണത്തിനായി ഉയിർത്തെഴുന്നേല്പിച്ചു.

യേശുവിന്റെ ഉയിർപ്പ് നമ്മുടെയും ഉയിർപ്പ്

അധ്യായം അഞ്ച്

കൃപ എന്താണ് എന്ന് വിവരിച്ചുകൊണ്ടാണ് പൗലോസ് ഈ അധ്യായം തുടങ്ങുന്നത്. നാം രക്ഷിക്കപ്പെട്ടത് വിശ്വാസത്താൽ ആണ് പ്രവൃത്തിയാൽ അല്ല എന്ന് മൂന്നും നാലും അധ്യായങ്ങളിൽ പറഞ്ഞ ശേഷം പൗലോസ് അഞ്ചാം അധ്യായത്തിൽ വരുമ്പോൾ പറയുന്നു. അങ്ങനെ വിശ്വാസത്താൽ നീതികരിക്കപ്പെട്ടതുകൊണ്ട് എനിക്ക് ദൈവത്തോട് ക്രിസ്തു മൂലം സമാധാനം ഉണ്ട്. പ്രവൃത്തിയാൽ ആയിരുന്നു എങ്കിൽ ഈ സമാധാനം ഒരിക്കലും ഉണ്ടാവില്ലായിരുന്നു. നമുക്ക് ദൈവത്തിന്റെ അടുത്ത് പ്രവേശനവും പിതാവിനോട് സമാധാനവും ഉണ്ടാവുന്നത് വിശ്വാസത്താൽ നമ്മെ നീതീകരിക്കാൻ ദൈവം എടുത്ത രക്ഷാകരമായ തീരുമാനം ആണ്. ഇത് വലിയ കൃപ ആണെന്ന് പൗലോസ് പറയുന്നു

എന്താണ് കൃപ?

കൃപ എന്ന വാക്ക്, നാം ആദ്യത്തെ അധ്യായത്തിൽ കണ്ടതുപോലെ മൂന്നു അർഥങ്ങളിൽ വേദപുസ്തകത്തിൽ പ്രയോഗിച്ചിട്ടുണ്ട്. ഇത് നാം ഒരേപോലെ ഒരേ സമയം തന്നെ മനസ്സിലാക്കേണ്ടതാണ്.ഇവിടുത്തെ അർഥം അർഹതയില്ലാത്ത ആൾക്ക് ദൈവം നൽകുന്ന അംഗീകാരം എന്നുതന്നെയാണ്. കാരണം സ്വാഭാവികമായി ഒരു മനുഷ്യനെ നീതിമാൻ എന്ന് വിളിക്കുന്നത് അയാൾ നീതിപ്രവൃത്തി ചെയ്യുന്നതുകൊണ്ടാണ്. എന്നാൽ ഇവിടെ വിശ്വാസത്താൽ അഭക്തനെ നീതീകരിക്കാൻ ദൈവം തീരുമാനിച്ചിരിക്കുന്നു, അത് ദൈവത്തിനു മുമ്പിൽ നമുക്ക് പ്രവേശനവും സമാധാനവും നൽകിയിരിക്കുന്നു. അതുകൊണ്ട് പൗലോസ് പറയുന്നു. നാം നിൽക്കുന്നത് വലിയ കൃപയിൽ ആണ്. ആ കൃപ എനിക്ക് മനസ്സിലായത് വിശ്വാസത്തിലൂടെ ആണ്. അടുത്ത വാക്യത്തിലേക്കു വരുമ്പോൾ പൗലോസ് പറയുന്നത് ഈ കൃപ എന്നെ പ്രത്യാശ ഉള്ളവനാക്കി മാറ്റുന്നു എന്നാണ്. കാരണം ദൈവവും ആയി നമുക്ക് സമാധാനം ഇല്ലെങ്കിൽ ഒരിക്കലും സ്വർഗത്തിൽ പോകാനോ ക്രിസ്തുവിനെ കാണാനോ നമുക്ക് തിടുക്കമോ പ്രത്യാശയോ ഉണ്ടാവുകയില്ല. പകരം ന്യായവിധിയെക്കുറിച്ചുള്ള ഭയം നമ്മെ ദൈവത്തിൽ നിന്നും മരണത്തിൽ നിന്നും ഓടി ഒളിക്കുന്നവർ ആക്കി മാറ്റും.

ഒരുകാലത്തു നാം നൽകിയിരുന്ന സുവിശേഷ ലഘുലേഖകളിൽ ചോദിച്ചിരുന്ന ഏറ്റവും സാധാരണ ചോദ്യം 'ഇന്ന് നീ മരിച്ചാൽ നിന്റെ നിത്യത എവിടെ?' എന്നതായിരുന്നു. അന്ന് നാം വിശ്വാസത്താലും കൃപയാലുമുള്ള രക്ഷയിൽ വിശ്വസിച്ചിരുന്നു. ഇന്ന് വിശ്വാസത്തിനു പകരം പ്രവൃത്തി രക്ഷയ്ക്കു കാരണമായി പഠിപ്പിക്കാൻ തുടങ്ങിയപ്പോൾ സ്വർഗത്തിൽ പോകുമോ എന്ന സംശയം എല്ലാവർക്കും ഉണ്ടായിത്തുടങ്ങി. ഇപ്പോൾ ഈ ലഘുലേഖകൾ നമ്മുടെ സഭകളിൽ നൽകേണ്ട അവസ്ഥ ആണ്.

ഇന്ന് നീ മരിച്ചാൽ നിന്റെ നിത്യത എവിടെ? എന്ന ചോദ്യത്തിന് നമുക്കു മറുപടി നഷ്ടപ്പെട്ടിരിക്കുന്നു. അതിന്റെ പ്രധാന കാരണം രക്ഷയോടു കൂടെ മനുഷ്യ പ്രവൃത്തിക്കളെ കൂട്ടുചേർത്തുകൊണ്ട് കൃപ അനുഭവിക്കാനോ വിശ്വാസത്താൽ ഉളവാകുന്ന ദൈവ സമാധാനം അനുഭവിക്കാനോ കഴിയാത്തവരായി മാറുകയാണ്. കൃപയാൽ വിശ്വാസം മൂലമുള്ള നീതീകരണം ഒരു നിമിഷം കൊണ്ടു സംഭവിക്കുന്നതാണെങ്കിലും അത് ജീവിതകാലം മുഴുവൻ നിലനിൽക്കുന്നതാണ്. വിശ്വാസം എപ്പോളെല്ലാം ഉണ്ടോ അപ്പോളെല്ലാം നീതീകരണവും ഉണ്ട്. അതുകൊണ്ട് നാം എപ്പോഴും പരീക്ഷിക്കേണ്ടത് നാം വിശ്വാസത്തിൽ തന്നെ ആണോ എന്നതാണ്. അതിനു വിശ്വാസത്തിൽ നിന്ന് ഉളവാകുന്ന പ്രവൃത്തികൾ നമ്മെ സഹായിക്കുന്നു.

പൗലോസ് പറയുന്നു, നാം നിൽക്കുന്ന ഈ കൃപയിലേക്കു, അഥവാ, റോമാലേഖനം നാലാം അധ്യായത്തിൽ പറയുന്നതുപോലെ അഭക്തനെ നീതീകരിച്ചു നീതിമാൻ ആക്കി മാറ്റുന്ന ദൈവകൃപയിലേക്കു നാം വിശ്വാസത്താൽ പ്രവേശിച്ചിരിക്കുന്നു. ഇതിൽ നാം നമ്മുടെ നീതീകരണത്തെ കുറിച്ച് മനസ്സിലാക്കേണ്ട ചില പ്രധാന പ്രസ്താവനകൾ ഉണ്ട്. ഒന്ന് ദൈവം സ്നേഹത്താൽ ചെയ്തതാണ്. രണ്ടാമതായി അതിനു അടിസ്ഥാനം യേശുവിന്റെ ക്രൂശു മരണം ആണ്, മൂന്നാമതായി, അത് വിശ്വാസത്താൽ മാത്രം ആണ് നിറവേറുന്നത്. ദൈവവുമായുള്ള ഈ സമാധാനത്തിൽ നിന്നാണ് നമുക്കു ഭാഗ്യകരമായ പ്രത്യാശ ഉണ്ടാകുന്നത്. ആ പ്രത്യാശ ആണ് കഷ്ടങ്ങൾ സഹിക്കാനും സഹിഷ്ണുത ഉള്ളവർ ആയിരിക്കാനും നമ്മെ സഹായിക്കുന്നത്. സ്വർഗത്തെക്കുറിച്ചോ നിത്യതയെക്കുറിച്ചോ ഉറപ്പില്ലാതെ പോകുമ്പോൾ നമുക്ക് വരാനുള്ള തേജസ്സ് എന്ന കാഴ്ച നഷ്ടപ്പെടുകയും നാം ഭൂമിയിലെ മഹത്വങ്ങളിൽ വ്യാപൃതർ ആവുകയും ചെയ്യുന്നു.



ബേബി പോൾ

ശരിയായ വഴിയും വേറെ വഴിയും

ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, ആട്ടിൻ തൊഴുത്തിൽ വാതിലൂടെ കടക്കാതെ വേറെ വഴിയായി കയറുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു. വാതിലൂടെ കടക്കുന്നവനോ ആടുകളുടെ ഇടയൻ ആകുന്നു. അവന്നു വാതിൽ കാവൽക്കാരൻ തുറന്നുകൊടുക്കുന്നു. (യോഹന്നാൻ 10 : 1-3). യേശുകർത്താവു തന്റെ ശിഷ്യന്മാരോടായി പറയുന്ന ഈ വേദഭാഗത്ത് വളരെ ആത്മീയ ആശയങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു. ഇതിലെ പ്രധാനമായ ചില പരാമർശങ്ങൾ ചുവടെ ചേർക്കുന്നു:

ഇടയൻ, ആടുകൾ, ആട്ടിൻതൊഴുത്ത്, തൊഴുത്തിന്റെ വാതിൽ, വാതിൽ കാവൽക്കാരൻ, വാതിൽ വഴിയല്ലാതെ കയറുന്നവൻ

ഇവിടെ വാതിൽ എന്നതുകൊണ്ട് അർഥമാക്കുന്നത് ദൈവസഭയിലേക്കുള്ള വാതിലും, നിത്യതയിലേക്കുള്ള വാതിലുമാണ്. ആ വാതിൽ യേശുവാണ് (യോഹന്നാൻ 10:7) വാതിൽ അകത്തേക്കുള്ള പ്രവേശന കവാടമാണ് (മത്തായി 25:10). പത്തു കന്യകമാരുടെ ഉപമയിൽ വാതിൽ അടച്ചു എന്നതുകൊണ്ട് അർഥമാക്കുന്നത് ആത്മീയമായി ഒരുങ്ങാത്ത ബുദ്ധിഹീനർക്കു മുമ്പാകെ സ്വർഗവാതിൽ അടയ്ക്കുന്നതിനെയാണ്. അപ്പോസ്തലപ്രവൃത്തികൾ 16 :26 -ൽ കാരാഗൃഹത്തിന്റെ വാതിൽ ഒക്കെയും തുറന്നു എന്നു കാണുന്നു. അന്ന് യഥാർഥത്തിൽ കാരാഗ്രഹപ്രമാണിക്കും കുടുംബത്തിനും ഫിലിപ്യൻ കാരാഗ്രഹത്തിലെ തടവുകാർക്കും വേണ്ടി ഫിലിപ്യാസഭയുടെ വാതിൽ തുറക്കുകയായിരുന്നു (7 : 16). അതുപോലെ പെട്ടകത്തിന്റെ വാതിൽ യഹോവ അടച്ചു എന്നത് സഭയ്ക്കും സ്വർഗത്തിനും നിഴൽ ആയി വ്യാഖ്യാനിക്കാം (യോഹന്നാൻ 10 : 7). യേശുവിൽകൂടെ മാത്രമാണ് സഭയിലേക്കും സ്വർഗത്തിലേക്കും പ്രവേശനം ഉള്ളത്. ആ വഴി ഒരുവനു മുമ്പിൽ അടയപ്പെട്ടാൽ പിന്നെ അകത്തു കടക്കാൻ വേറൊരു വഴിയില്ലല്ലോ. മറ്റു പല വഴികളെയും പറ്റി ലോകവും മതങ്ങളും പറയുമായിരിക്കും എന്നാൽ നിത്യതയിലേക്കും ദൈവസഭയിലേക്കും തുറക്കപ്പെടുന്ന വാതിൽ കർത്താവായ യേശു മാത്രമാണ്.

സഭയിലേക്കോ സ്വർഗത്തിലേക്കോ യേശുകർത്താവാകുന്ന വാതിൽ വഴിയല്ലാതെ വേറെ വഴിയായി കയറുവാൻ പരിശ്രമിക്കുന്നവരെ

സഭയിലേക്കോ സ്വർഗത്തിലേക്കോ യേശുകർത്താവാകുന്ന വാതിൽ വഴിയല്ലാതെ വേറെ വഴിയായി കയറുവാൻ പരിശ്രമിക്കുന്നവരെ കർത്താവ് വിളിക്കുന്നത് കള്ളനും കവർച്ചക്കാരനും എന്നാണ്.

കർത്താവ് വിളിക്കുന്നത് കള്ളനും കവർച്ചക്കാരനും എന്നാണ്. ആരാണ് കള്ളൻ? ഉടമസ്ഥന്റെ വസ്തുവകകൾ ഉടമസ്ഥൻ അറിയാതെയോ സമ്മതമില്ലാതെയോ എടുക്കുന്നവർ ആണ് കള്ളൻ. ആരാണ് കവർച്ചക്കാർ? പേരുകൊണ്ടും അർഥം കൊണ്ടും സാമ്യം ഉണ്ടെങ്കിലും ആശയം കൊണ്ട് അല്പം വ്യത്യാസം ഉണ്ട്. ഉടമസ്ഥന്റെ വസ്തുവകകൾ ഉടമസ്ഥൻ അറിഞ്ഞോ അറിയാതെയോ എന്നു മാത്രമല്ല ബലമായോ മറ്റു മാർഗങ്ങൾ അവലംബിച്ചോ വരെ എടുക്കുവാൻ മടിക്കാത്തവരാണ് കവർച്ചക്കാർ.

തിരുവചനത്തിൽ മൂന്നു വിധം കള്ളന്മാരെപ്പറ്റി പറഞ്ഞിരിക്കുന്നതായി മനസ്സിലാക്കാം.

1) യോഹന്നാൻ 10 : 10 മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല. ഇവിടെ മോഷ്ടിക്കുവാനും അറുക്കുവാനും നശിപ്പിക്കുവാനും ആയി വരുന്ന കള്ളൻ പിശാചാണ് എന്നതിനു സംശയമില്ലല്ലോ. പിശാചിന് ദൈവമക്കളിൽ നിന്നും എന്താണ് മോഷ്ടിക്കുവാൻ ഉള്ളത്? യേശു തന്റെ ശിഷ്യരോടു പറയുന്നു, സാത്താൻ നിങ്ങളെ ഗോതമ്പു പോലെ പാറ്റുവാൻ അനുവാദം ചോദിച്ചു. ഞാൻ നിങ്ങൾക്കുവേണ്ടി നിങ്ങളുടെ വിശ്വാസം പൊയ്പ്പോകാതിരിപ്പാൻ പിതാവിനോട പേക്ഷിച്ചു (ലൂക്കോസ് 22 : 31, 32). ഇതിൽ നിന്നും നാം മനസ്സിലാക്കുന്ന കാര്യം, ദൈവസഭയാകുന്ന ആട്ടിൻതൊഴുത്തിൽ യേശുവാകുന്ന വാതിൽ വഴിയല്ലാതെ കള്ളനായ പിശാച് കയറി ആടുകളാകുന്ന വിശ്വാസികളുടെ ദൈവാശ്രയവും, വിശ്വാസവും മോഷ്ടിക്കുന്നു. അതിന് അനുവദിക്കാതെ നാം നമ്മെത്തന്നെ സൂക്ഷിക്കേണ്ടതാണ്. കപടവേഷവും പ്രലോഭനങ്ങളുമായി അകത്തു കയറുന്നവൻ ക്രമേണ നമ്മിലെ വിശ്വാസവും ദൈവാശ്രയവും ഇല്ലാതാക്കി, നമ്മിലെ ആത്മമനുഷ്യനെ മാരകമായി മുറിവേല്പിക്കുന്നു. ഒടുവിൽ ആത്മിക മരണം വരെ സംഭവിക്കയും ചെയ്തേക്കാം. ഇവിടെ മോഷ്ടാവ് പിശാചും മോഷ്ടിക്കപ്പെടുന്നവർ വിശ്വാസികളുമായിരിക്കും.

2) രണ്ടാമതു പറഞ്ഞിരിക്കുന്ന കള്ളൻ മനുഷ്യൻ തന്നെയാണ്. തിരുവചന ആശയങ്ങളോടു കൂട്ടുചേർക്കുകയോ അതിൽ നിന്നും കുറച്ചുകളയുകയോ ചെയ്യുന്നവരെ കർത്താവ് അന്ത്യ ന്യായവിധിയിൽ വിധിച്ചിട്ട് കള്ളനായി പ്രഖ്യാപിക്കും. (സദൃശവാക്യങ്ങൾ 30: 6, വെളിപ്പാട് 22 :18,19). ദൈവസഭയിലേക്കും നിത്യതയിലേക്കും ഉള്ള പ്രവേശനത്തിനായി ദൈവവചന വ്യവസ്തയായ വീണ്ടും

കപടവേഷവും പ്രലോഭനങ്ങളുമായി അകത്തു കയറുന്നവൻ ക്രമേണ നമ്മിലെ വിശ്വാസവും ദൈവാശ്രയവും ഇല്ലാതാക്കി, നമ്മിലെ ആത്മമനുഷ്യനെ മാരകമായി മുറിവേല്പിക്കുന്നു. ഒടുവിൽ ആത്മിക മരണം വരെ സംഭവിക്കയും ചെയ്തേക്കാം. ഇവിടെ മോഷ്ടാവ് പിശാചും മോഷ്ടിക്കപ്പെടുന്നവർ വിശ്വാസികളുമായിരിക്കും.

ജനനം, സ്നാനം എന്നിവയും പരിശുദ്ധാത്മസ്നാനം, അപ്പംനുറുക്ക്, കൂട്ടായ്മ, അപ്പോസ്തലന്മാരുടെ ഉപദേശം, പ്രാർഥന തുടങ്ങി ദൈവസഭയിലെ അനുഭവങ്ങളും ഒഴിവാക്കാനാവില്ല. വാതിൽ വഴിയായി പ്രവേശിക്കുന്നവർക്ക് ഇവയെല്ലാം ഉണ്ടായിരിക്കും. 1 തീമോഥെയോസ് 2 : 5 -ൽ പറയുന്നു, യേശുക്രിസ്തു ഒഴികെ മറ്റൊരു മധ്യസ്ഥൻ പുതിയ നിയമസഭയ്ക്കില്ല. വേറെ മധ്യസ്ഥരെ തേടിയാൽ അത് വേറെ വഴിയായി കയറുവാൻ പരിശ്രമിക്കുന്ന കള്ളനു തുല്യമാണ്. അന്ത്യന്യായവിധിയിൽ കള്ളനും കവർച്ചക്കാരനും എന്നുള്ള കർത്താവിന്റെ വിളിക്ക് ഇടയാകാതെ യേശുകർത്താവാകുന്ന ശരിയായ വാതിലിൽ കൂടെ കയറുവാൻ ഉത്സാഹിക്കാം.

3) പ്രാദേശിക സഭകളാകുന്ന തൊഴുത്തുകളിൽ ഉള്ള ആടുകളെ സ്വാർത്ഥലാഭത്തിനായി വിവിധതരത്തിൽ സ്വാധീനിച്ചും പ്രലോഭിപ്പിച്ചും ആ സഭയിലെ ഇടയന്റെയോ ഉത്തരവാദിത്തപ്പെട്ടവരുടെയോ അറിവോ സമ്മതമോ ഇല്ലാതെ വേറെ വഴിയായി കയറി മോഷ്ടിക്കുന്നവരെ ആടുമോഷ്ടാക്കൾ എന്ന് ഇന്നു പൊതുവെ പറഞ്ഞുവരുന്നു. ഇതു മനുഷ്യരുടെ മുമ്പിൽ മാന്യതയോ ദൈവമുമ്പിൽ അംഗീകാരമോ ഉള്ള കാര്യമായി തോന്നുന്നില്ല. ഇങ്ങനെ യേശുവാകുന്ന വാതിൽ വഴിയല്ലാതെ വേറെ വഴിയിൽകൂടെ കയറുവാൻ പരിശ്രമിക്കുന്ന ധാരാളം ആളുകൾ ഉള്ള ഈ കാലഘട്ടത്തിൽ യേശുകർത്താവാകുന്ന വാതിലും വഴിയും ഉയർത്തി കാട്ടുവാനും, ആ യഥാർത്ഥ വഴി ജനത്തിനു പരിചയപ്പെടുത്താനും നമുക്കു കഴിയട്ടെ.





എൽസി ജോയ്

ബഹുമാന്യരായിരിക്കുക

സ്ത്രീകൾ എല്ലാ കാര്യത്തിലും അവരുടെ സാമർത്ഥ്യം തെളിയിക്കുന്ന ഒരു കാലഘട്ടമാണിത്. വാസ്തവത്തിൽ അതിൽ നമുക്ക് അഭിമാനിക്കാം. എന്നാൽ കുറ്റകൃത്യങ്ങളിലും സ്ത്രീകൾ മുന്നിട്ടുവരുന്ന സംഭവങ്ങൾ നാം കേൾക്കുമ്പോൾ മൂക്കത്ത് വിരൽ വെച്ചുപോകും. സമൂഹത്തിൽ സംഭവിക്കുന്ന മൂല്യശോഷണം എല്ലാവരേയും ഒരുപോലെ ബാധിച്ചുകൊണ്ടിരിക്കുന്നു എന്നു സാരം.

സ്ത്രീകൾ സമൂഹത്തിൽ ബഹുമാന്യരായിരിക്കുക എന്നാണ് ദൈവവചനത്തിന്റെ പത്ഥ്യോപദേശം. ഈ ലക്കത്തിൽ ഞാൻ പ്രിയ സഹോദരിമാരുമായി പങ്കിടുവാൻ ആഗ്രഹിക്കുന്നത് ഇക്കാര്യമാണ്. ഈ ചിന്തകൾക്ക് ആധാരമായി ഒരു വേദഭാഗം ഉദ്ധരിക്കട്ടെ. "അവ്വണ്ണം സ്ത്രീകളും ഘനശാലികളായി ഏഷണി പറയാതെ നിർമ്മദമാരും എല്ലാറ്റിലും വിശ്വസ്തരുമായിരിക്കേണം" (1 തിമൊ. 3 : 11).

ഘനശാലികൾ ആയിരിക്കുക എന്നാൽ വ്യക്തിത്വ ഗാംഭീര്യമുള്ളവരായിരിക്കുക അഥവാ ബഹുമാന്യരായിരിക്കുക എന്നതാണ്. അല്ലാതെ ഗാംഭീര്യം ഭാവിച്ച് (seriousness), മറ്റുള്ളവരിൽ നിന്നും അകലം പാലിക്കാനോ, കഠിന ഹൃദയരായിരിക്കുവാനോ അല്ല ഘനശാലികൾ എന്ന പ്രയോഗം എന്ന് മനസ്സിലാക്കണം. അത് അഹങ്കാര പ്രകൃതമാണ്.

നമ്മുടെ കുറിവാക്യത്തിൽ സ്ത്രീകൾ എന്ന് ഉദ്ദേശിക്കുന്നത് ശുശ്രൂഷകന്മാരുടെ ഭാര്യമാരെയും ശുശ്രൂഷക്കാരത്തികളായി സഭ അംഗീകരിച്ചിരിക്കുന്നവരെയുമാണ്. മൂലഭാഷയിലുള്ള പദം ഭാര്യമാർ എന്നും സ്ത്രീകൾ എന്നും അർഥം വരുന്ന പദമാണ്. മറ്റുള്ള സ്ത്രീകൾക്ക് ഇവർ മാതൃക ആയിരിക്കേണ്ടവർ ആണല്ലോ. മറ്റ് സ്ത്രീകളും ഇവരെ അനുകരിക്കേണ്ടതാണ്. അതിനാൽ ബഹുമാന്യരായിരിക്കുക എന്നതാണ് എല്ലാ സ്ത്രീകളെ സംബന്ധിച്ചും ദൈവം ആഗ്രഹിക്കുന്നത്. ബഹുമാനം സമൂഹത്തിൽ നഷ്ടപ്പെടുത്തുന്ന ഏത് പ്രവൃത്തിയിൽ നിന്നും നമ്മെത്തന്നെ നാം സൂക്ഷിക്കണം. സംസാരം, വസ്ത്രധാരണം, പെരുമാറ്റം, സ്വഭാവശുദ്ധി ഇതെല്ലാം അതിൽ ഉൾപ്പെടും എന്ന് എടുത്ത് പറയേണ്ടതില്ലല്ലോ. നാം ബഹുമാന്യരായിരിക്കുമ്പോൾ നമ്മുടെ സ്രഷ്ടാവും ഉടയവനുമായ ദൈവം ബഹുമാനിക്കപ്പെടുകയാണ്.

ബഹുമാന്യരായിരിക്കുക എന്നതാണ് എല്ലാ സ്ത്രീകളെ സംബന്ധിച്ചും ദൈവം ആഗ്രഹിക്കുന്നത്. ബഹുമാനം സമൂഹത്തിൽ നഷ്ടപ്പെടുന്ന ഏത് പ്രവൃത്തിയിൽ നിന്നും നമ്മെത്തന്നെ നാം സൂക്ഷിക്കണം. സംസാരം, വസ്ത്രധാരണം, പെരുമാറ്റം, സ്വഭാവശുദ്ധി ഇതെല്ലാം അതിൽ ഉൾപ്പെടും എന്ന് എടുത്ത് പറയേണ്ടതില്ലല്ലോ. നാം ബഹുമാന്യരായിരിക്കുമ്പോൾ നമ്മുടെ സ്രഷ്ടാവും ഉടയവനുമായ ദൈവം ബഹുമാനിക്കപ്പെടുകയാണ്.

ബഹുമാന്യരായിരിക്കുക

നമ്മെ ബഹുമാന്യരാക്കുന്നതിന് സഹായിക്കുന്ന മൂന്ന് കാര്യങ്ങൾ നാം മുകളിൽ ശ്രദ്ധിച്ച വാക്യത്തിൽ ഉണ്ട്. അതു മാത്രം നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

1) ഏഷണി പറയരുത്

ഏഷണി എന്നാൽ പരദൂഷണം (slander) എന്നർഥം. ഏഷണി ഒഴിവാക്കണമെങ്കിൽ സംസാരത്തിൽ നിയന്ത്രണം വളരെ അത്യാവശ്യമാണ്. "വാക്ക് പെരുകിയാൽ ലംഘനം ഇല്ലാതിരിക്കയില്ല" (സദൃശ്യവാക്യങ്ങൾ 10:19) എന്നാണ് ശലോമോൻ സമർഥിക്കുന്നത്. സംസാരം സ്ത്രീകളുടെ ഒരു ബലഹീനതയാണെന്ന് പറയാം. ഇതിൽ നിന്നും വേറിട്ട് നിൽക്കുന്നവർ (exception) ഉണ്ടെന്നുള്ളത് മറക്കുന്നില്ല. യാതൊരു നിയന്ത്രണവുമില്ലാതെയും അവിവേകത്തോടെയും സംസാരിക്കുന്ന ധാരാളം സ്ത്രീകളും ഉണ്ട്. എന്താണെങ്കിലും നമുക്ക് ഓരോരുത്തർക്കും ഈ കാര്യത്തിൽ ശ്രദ്ധ ഉണ്ടാകണം. പരകാര്യങ്ങളിൽ ഇടപെടുന്ന സ്വഭാവമാണ് ഏഷണിക്ക് കരുത്തുനൽകുന്നത്. മറ്റുള്ളവരെ സംബന്ധിച്ചുള്ള കാര്യങ്ങൾ (ക്ഷേമ വിവരം ഒഴിച്ച്) അറിയണമെന്നുള്ള ജിജ്ഞാസ അപകടം വിളിച്ചുവരുത്തും. ഇതിന് നിയന്ത്രണം നാം തന്നെയാണ് വരുത്തേണ്ടത്.

സ്വന്തം കാര്യങ്ങളിൽ ശ്രദ്ധിക്കയും ഉത്തരവാദിത്വമുള്ളവരായിരിക്കയും ചെയ്യുക എന്നതാണ് പരദൂഷണം പറയുന്നതിൽ നിന്നും നമ്മെ തിരുത്തുവാനുള്ള മറ്റൊരു ഉപാധി. പൗലോസ് അപ്പൊസ്തലന്റെ വാക്കുകൾ ശ്രദ്ധിക്കുക. "അത്രയുമല്ല, അവർ വീടു തോറും നടന്ന് മിനക്കെടുവാനും ശീലിക്കും. മിനക്കെടുക മാത്രമല്ല വായാടികളും പരകാര്യത്തിൽ ഇടപെടുന്നവരുമായി അരുതാത്തത് സംസാരിക്കും" (1 തിമൊ. 5:13). അതുകൊണ്ടാണ് ഇളയ വിധവമാരെ പുനർവിവാഹത്തിന് സജ്ജമാക്കുവാൻ ഉപദേശിക്കപ്പെട്ടിരിക്കുന്നത്. സ്വന്തം കുടുംബവും ഉത്തരവാദിത്തങ്ങളുമാകുമ്പോൾ അത് അവരെ പകതയിലേക്ക് വളർത്തും. മിനക്കേടുകാർ (ഉത്തരവാദിത്തബോധം ഇല്ലാത്തവരും ജോലി ചെയ്യാത്തവരും) ആണ് പരദൂഷണത്തിൽ മുമ്പിൽ നിൽക്കുന്നത്. ഇത് തെറ്റായ സംഗതിയും അപലപനീയവുമാണ്. ഏഷണി പറയാത്തവർ ബഹുമാന്യരായിരിക്കും. സമൂഹത്തിൽ അവർ എപ്പോഴും ശ്രേഷ്ഠരായി എണ്ണപ്പെടും. ജാതി മത വ്യത്യാസമില്ലാതെ എല്ലാവരുടേയും ആദരവ് അവർക്ക് ലഭിക്കും.

2) നിർമ്മദരായിരിക്കുക

സമചിത്തരായിരിക്കുക (temperate), സ്വയനിയന്ത്രണം (self control) ഉള്ളവരായിരിക്കുക എന്നതാണ് നിർമ്മദരായിരിക്കുക എന്നതിനാൽ അർഥമാക്കുന്നത്. ടെൻഷൻ വർധിച്ചു വരുന്ന ഒരു വല്ലാത്ത കാലത്താണ് നാം ജീവിക്കുന്നത്. ജോലി സ്ഥലത്തുള്ള ടെൻഷനുമായാണ് പലരും വീട്ടിൽ എത്തുന്നത്. കുട്ടികളുടെ പരിപാലനവും വിദ്യാഭ്യാസവും ഇന്ന് പലർക്കും വലിയ ടെൻഷനാണ് നൽകുന്നത്. സഹോദരിമാർക്കാണെങ്കിൽ വീട്ടുകാര്യവും ഭർത്താവിന്റെ പരിചരണവും കൂടിയാകുമ്പോൾ നല്ല ഒരു ഭാരം മുതുകിൽ വെച്ചതുപോലുള്ള തോന്നൽ. എന്നാൽ വചനം അനുസരിക്കുന്ന കുടുംബങ്ങളുടെ സ്ഥിതി അതല്ല കേട്ടോ. എല്ലാറ്റിനും പ്രാപ്തി തരുന്ന ദൈവകൃപ ദൈവത്തെ തേടുന്നവർക്ക് ലഭിക്കും. ദൈവസാന്നിധ്യം അനുഭവിക്കുന്നവർക്ക് ജീവിതം എപ്പോഴും പ്രത്യാശാപൂരിതമായിരിക്കും. പ്രത്യാശ ഉളവാക്കുന്ന ആനന്ദം അവർക്ക് അനുഭവിക്കുവാനും കഴിയും.

സ്വന്തം കാര്യങ്ങളിൽ ശ്രദ്ധിക്കയും ഉത്തരവാദിത്വമുള്ളവരായിരിക്കയും ചെയ്യുക എന്നതാണ് പരദൂഷണം പറയുന്നതിൽ നിന്നും നമ്മെ തിരുത്തുവാനുള്ള മറ്റൊരു ഉപാധി

സമചിത്തരായിരിക്കുക എന്നതും സ്വയനിയന്ത്രണമുള്ളവരായിരിക്കുക എന്നതും ഒരു ദൈവകൃപ തന്നെയാണ്. അത് തികച്ചും നമ്മെ ബഹുമാന്യരാക്കുന്നതാണ്. പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോഴാണല്ലോ നാം പൊട്ടിത്തെറിക്കുന്നത്. എന്നാൽ സമചിത്തതയോടും സ്വയ നിയന്ത്രണത്തോടും നാം അതിനെ സമീപിക്കുമ്പോൾ, പരിശുദ്ധാത്മാവ് നൽകുന്ന വിവേകം നമ്മെ ഭരിക്കുവാൻ ഇടയാകും. അപ്പോൾ ശാന്തതയോടും ആത്മബലത്തോടും കൂടെ പ്രശ്നങ്ങളെ തരണം ചെയ്യുവാൻ നമുക്ക് കഴിയും.

ഭവനങ്ങളിൽ ഉണ്ടാകുന്ന പൊട്ടിത്തെറികൾ (കലഹമോ, വഴക്കോ) നമ്മുടെ ജീവിതത്തെ നരകതുല്യമാക്കുന്നതാണ്. വാസ്തവത്തിൽ നന്നായി

ആസ്വദിക്കേണ്ട ജീവിതമാണ് കൈപ്പിന്റേയും ക്രോധത്തിന്റേയും അഗ്നിയിൽ കത്തി നശിക്കുന്നത്. ഇത് വീട്ടിലുള്ളവർക്ക് മാത്രമല്ല, ചുറ്റുപാടുകളിൽ ഉള്ളവർക്കും കൂടി അസ്വസ്ഥതയ്ക്ക് കാരണമായിത്തീരുന്നു. ഈ അവസ്ഥയിൽകൂടി കടന്നുപോകുന്നവർ എന്റെ ഈ വരികൾ വായിക്കുന്നു എങ്കിൽ ഞാൻ പറയട്ടെ, നിങ്ങൾക്ക് ഒരു മാറ്റം സാധ്യമാണ്. അതിന് മന:പൂർവ്വമായി മനസുവെക്കുകയും ദൈവത്തോടടുത്തു ചെന്ന് ദൈവകൃപ പ്രാപിക്കയും വേണം.

3) ചെയ്യുന്നതിൽ എല്ലാം വിശ്വസ്തത

വിശ്വസ്തത ഒരു വലിയ ഗുണമാണ്. ദൈവത്തോടുള്ള വിശ്വസ്തത നമ്മെ സമസൃഷ്ടങ്ങളോടും നമ്മുടെ പ്രവർത്തന മേഖലകളിലും നാം ചെയ്യുന്ന എല്ലാറ്റിലും നമ്മെ വിശ്വസ്തരാക്കും. ഏത് കാര്യത്തിലും, വിശ്വസ്തത നമ്മെ എല്ലാം നന്നായി ചെയ്യുവാൻ പ്രാപ്തരാക്കും. ഭൗതിക കാര്യങ്ങളിൽ വിശ്വസ്തരായിരിക്കുക എന്നതു പോലെ ആത്മീക കാര്യങ്ങളിലും വിശ്വസ്തത ഏറ്റവും അത്യാവശ്യമാണ്.

സ്ത്രീകൾ അവർക്കുള്ള പങ്ക് ഏതിൽ ഒക്കെ നിർവ്വഹിക്കണമോ അതിൽ വിശ്വസ്തരാകാതിരുന്നാൽ അത് വളരെ ദോഷം ചെയ്യും. ശുശ്രൂഷകന്മാരുടെ ഭാര്യമാരുടെ വിശ്വസ്തത ശുശ്രൂഷകന്മാരെയും വിശ്വസ്തരാക്കും. വാസ്തവത്തിൽ സ്ത്രീകൾ ഒരു 'driving force' അണെന്ന് പറഞ്ഞാൽ തെറ്റാകുകയില്ല. ഭവനം പണിയുന്നതിനും സഭപണിയുന്നതിനും അവരുടെ പങ്ക് വളരെ നിർണ്ണായകമാണ്. അതിനാൽ അവർ വിശ്വസ്തരാകണം എന്ന് പറയുന്നതിന് വലിയ അർഥമുണ്ട്.

നിസംഗത അവിശ്വസ്തതയാണ്. ഉത്തരവാദിത്തബോധമുള്ളവർ കർമ്മോത്സുകരും ആയിരിക്കും. അവർ സമയം തക്കത്തിൽ ഉപയോഗിക്കയും, ചെയ്യേണ്ടത് ചെയ്യേണ്ടതുപോലെ തക്ക സമയത്ത് ചെയ്യുകയും ചെയ്യും. അങ്ങനെയുള്ള സ്ത്രീകൾ സാമർഥ്യമുള്ളവരായി പരിഗണിക്കപ്പെടും എന്നതിന് സംശയം വേണ്ട. അവർ എല്ലാവരാലും ബഹുമാനിക്കപ്പെടും എന്നതിന് സംശയത്തിന് ആവശ്യമുണ്ടോ?

18 വാക്കുകളിൽ വ്യത്യസ്തരാകുക

ളെ കേൾക്കുക. നിങ്ങൾക്ക് അത്തരം പ്രശ്നം ഉണ്ടാവുകയും അത് നിങ്ങൾ അതിജീവിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ആ അനുഭവം പങ്കു വെയ്ക്കുക.നിങ്ങൾക്കറിയാവുന്ന ആരെങ്കിലും ഇത്തരം പ്രശ്നത്തെ അതിജീവിച്ചത് അറിയാമെങ്കിൽ ആളെ വെളിപ്പെടുത്താതെ കാര്യം പങ്കുവെയ്ക്കുക.

3) ദൈവവചനം ഉപയോഗിക്കുക.


ഒരു വ്യക്തിക്ക് ആശ്വാസവും പ്രതീക്ഷയും നൽകുന്നതിൽ ദൈവവചനത്തിനുള്ള പങ്ക് വളരെ വലുതാണ്. നിങ്ങൾ വായിക്കുന്ന വചനങ്ങൾ ആശ്വാസത്തിനും പ്രത്യാശയ്ക്കും ഉതകുന്നതായി തോന്നിയാൽ അത് എഴുതി വെയ്ക്കുക. മനസ്സിൽ അതിനെ മന:പ്പാഠമാക്കുക. കൃത്യസമയങ്ങളിൽ അത് ഉപയോഗിക്കാനും മറ്റുള്ളവരെ താങ്ങുവാനും നിങ്ങൾക്കു സാധിക്കും.

4) പ്രാർഥന എന്ന ഒറ്റമൂലി:

ദു:ഖത്തിലായിരിക്കുന്നത് ആരും ആവട്ടെ അവർക്ക് പ്രാർഥന വലിയ ആശ്വാസമാകും. അത് ഏതു മതത്തിൽ പെട്ട വ്യക്തിയാണെങ്കിലും അങ്ങനെ തന്നെ. ആ വ്യക്തിയുടെ അടുത്തിരുന്ന് ആ വ്യക്തിക്കുവേണ്ടി പ്രാർഥിക്കുമ്പോൾ ആ വ്യക്തിയുടെ മനസ്സിലൂടെ കടന്നു പോയിക്കൊണ്ടിരിക്കുന്ന ഭാരങ്ങൾ നിങ്ങളുടെ പ്രാർഥനാ വാചകങ്ങളിൽ ഉൾപ്പെടുത്തി പ്രാർഥിക്കുക.

നാം സംസാരിക്കുന്ന വ്യക്തിക്ക് നമ്മുടെ കരുതലും പെരുമാറ്റവും ആശ്വാസം പകരും. വളരെ മാന്യത കൊടുത്ത് സംസാരിക്കണം. അതു താൻ അംഗീകരിക്കപ്പെട്ടിരിക്കുന്നു എന്ന ചിന്തയും മനോഭാവവും അയാളിൽ ഉളവാക്കും.

പോസിറ്റീവ് ആയി സാഹചര്യങ്ങളെയും വ്യക്തിയെയും കാണുവാനും ഇടപെടുവാനും നമുക്കു കഴിയണം. വ്യവസ്ഥകൾക്ക് അതീതമായ സ്നേഹവും കരുതലും പകർന്നുകൊടുക്കുക. പാപം നിമിത്തം ശത്രുക്കളായിരുന്നപ്പോൾ നമ്മെ സ്നേഹിച്ച് നമ്മുടെമേൽ വരേണ്ടിയിരുന്ന ശിക്ഷ നമുക്കു പകരമായി ഏറ്റെടുത്ത യേശുകർത്താവിന്റെ നമ്മോടുള്ള സ്നേഹം വ്യവസ്ഥകൾക്ക് അതീതമായ സ്നേഹത്തിന് ഉത്തമ ഉദാഹരണമാണ്. നാം സംസാരിക്കുന്ന വ്യക്തിക്ക് നമ്മുടെ കരുതലും പെരുമാറ്റവും ആശ്വാസം പകരും, വളരെ മാന്യത കൊടുത്ത് സംസാരിക്കണം. അതു താൻ അംഗീകരിക്കപ്പെട്ടിരിക്കുന്നു എന്ന ചിന്തയും മനോഭാവവും അയാളിൽ ഉളവാക്കും.



മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

ഭയം കൂടാതെ ദൗത്യം നിർവ്വഹിക്കുക

"ശിഷ്യൻ ഗുരുവിനു മീതെയല്ല; ദാസൻ യജമാനന്നു മീതെയുമല്ല; ഗുരുവിനെപ്പോലെയാകുന്നതു ശിഷ്യനു മതി; യജമാനനെപ്പോലെയാകുന്നതു ദാസനും മതി. അവർ വീട്ടുടയവനെ ബെയെത്സെബൂൽ എന്നു വിളിച്ചു എങ്കിൽ വീട്ടുകാരെ എത്ര അധികം? അതുകൊണ്ടു അവരെ ഭയപ്പെടേണ്ടാ; മറെച്ചുവെച്ചതു ഒന്നും വെളിപ്പെടാതെയും ഗൂഢമായതു ഒന്നും അറിയാതെയും ഇരിക്കയില്ല. ഞാൻ ഇരുട്ടത്തു നിങ്ങളോടു പറയുന്നതു വെളിച്ചത്തു പറവിൻ; ചെവിയിൽ പറഞ്ഞുകേൾക്കുന്നതു പുരമുകളിൽ നിന്നു ഘോഷിപ്പിൻ. ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടാ; ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ. കാശിന്നു രണ്ടു കുരികിൽ വിൽക്കുന്നില്ലയോ? അവയിൽ ഒന്നു പോലും നിങ്ങളുടെ പിതാവു സമ്മതിക്കാതെ നിലത്തു വീഴുകയില്ല. എന്നാൽ നിങ്ങളുടെ തലയിലെ രോമവും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു. ആകയാൽ ഭയപ്പെടേണ്ട; ഏറിയ കുരുകിലുകളെക്കാളും നിങ്ങൾ വിശേഷതയുള്ളവരല്ലോ. മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനെയും സ്വർഗസ്ഥനായ എന്റെ പിതാവിൻ മുമ്പിൽ ഞാനും ഏറ്റുപറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ എന്റെ പിതാവിൻ മുമ്പിൽ ഞാനും തള്ളിപ്പറയും" (മത്തായി 10 : 24 – 33).

സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യം ഏറ്റെടുത്തിരിക്കുന്നവരാണ് ക്രിസ്തു ശിഷ്യന്മാർ. ആ ദൗത്യം ഭയം കൂടാതെ നിർവ്വഹിക്കുന്നതിനു കഴിയണം. 'ഭയപ്പെടേണ്ട' എന്ന ആജ്ഞയും ആശ്വാസവുമാണ് കർത്താവു നൽകുന്നത്. ഭയപ്പെടാതെ ദൗത്യനിർവ്വഹണത്തിൽ മുന്നേറേണ്ടതിനു നാം അറിയേണ്ട ചില വസ്തുതകൾ കർത്താവു ഇവിടെ ഊന്നി പറയുന്നുണ്ട്.

1) പീഡനം ഒരു അസാധാരണ കാര്യമല്ല.

നമ്മുടെ ഗുരുവും യജമാനനുമായ യേശു കർത്താവിന്റെ പരസ്യ ശുശ്രൂഷ എതിർപ്പുകളുടെയും അവജ്ഞകളുടെയും നടുവിലാണ് നടന്നത്. യഹൂദ മതനേതൃത്വം കർത്താവിനെയോ തന്റെ പഠിപ്പിക്കലുകളെയോ ഇഷ്ടപ്പെട്ടില്ല. അവരിൽനിന്നും നിരന്തരമായ എതിർപ്പ് കർത്താവിനുണ്ടായിരുന്നു. ഭൂതങ്ങളുടെ തലവനായ ബെയെത്സെബൂലിനെക്കൊണ്ടാണ് കർത്താവു ഭൂതങ്ങളെ പുറത്താക്കുന്നതെന്നു അവർ കർത്താവിനെ ആക്ഷേപിച്ചു; എന്തിനു കർത്താവിനെ ബെയെത്സെബൂൽ എന്നുവിളിച്ചു. പിശാച് എന്നു വിളിച്ചതിനു തുല്യം. നന്മകൾ തിന്മയായി ചിത്രീകരിക്കപ്പെട്ടു. ഇത്ര അന്ധതയും പകയും ക്രോധവും പ്രതികാര ചിന്തയുമെല്ലാം നിറഞ്ഞു ദുഷിച്ചു ജീർണ്ണിച്ച ജനങ്ങളെയാണ് കർത്താവു സ്നേഹിച്ചതും അവരെ രക്ഷിക്കുവാൻ തന്നെത്തന്നെ ഏല്പിച്ചുകൊടുത്തതും. ഗുരുവിനെപ്പോലെ ആകേണ്ട ശിഷ്യന്മാരും യജമാനനെപ്പോലെ ആകേണ്ട ദാസന്മാരുമായ നാം നമുക്കുണ്ടാകുന്ന എതിർപ്പുകളിലും, നിന്ദകളിലും ആശങ്കപ്പെടേണ്ടതില്ല എന്നാണ് കർത്താവു ഓർമ്മിപ്പിക്കുന്നത്. നമ്മുടെ ദൗത്യത്തിൽ മുന്നേറുമ്പോൾ പ്രതികൂലങ്ങൾ നാം പ്രതീക്ഷിക്കണം. ഗുരു സഞ്ചരിച്ച പാതയിലല്ലേ ശിഷ്യനു നടക്കുവാൻ പറ്റൂ. അതിനാൽ

നിന്ദകളും പീഡനങ്ങളും ഉണ്ടാകുമ്പോൾ അതു നാം സഹിക്കുന്നതു കർത്താവിന്റെ ശിഷ്യന്മാരായ തുകൊണ്ടാണ് എന്നതിനാൽ അതിൽ സന്തോഷം കണ്ടെത്തണം.

2) പരസ്യമായി കർത്താവിനെ പ്രസംഗിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

ശിഷ്യത്വം രഹസ്യമായി സൂക്ഷിക്കുവാനുള്ളതല്ല. ഗുരുവിനെ വെളിപ്പെടുത്തുക എന്നതാണ് ശിഷ്യന്റെ കടമ. ഗുരു പഠിപ്പിച്ചതെല്ലാം ലോകം അറിയേണ്ടതു തന്റെ ശിഷ്യന്മാർ മുഖാന്തിരമാണ്. "മറെച്ചുവെച്ചതു ഒന്നും വെളിപ്പെടാതെയും ഗൂഢമായതു ഒന്നും അറിയാതെയും ഇരിക്കയില്ല." എന്നതു ദൈവം വെച്ചിരിക്കുന്ന ഒരു പൊതു തത്വമാണ്. "ദൈവം നല്ലതും തീയതുമായ സകല പ്രവൃത്തിയെയും സകല രഹസ്യങ്ങളുമായി ന്യായവിസ്താരത്തിലേക്കു വരുത്തുമല്ലോ" (സഭാപ്രസംഗി 12 : 14) എന്ന മുന്നറിയിപ്പ് എല്ലാവർക്കും നൽകിയിരിക്കുന്നതാണ്. മറെച്ചുവെയ്ക്കാവുന്നതു ഒന്നുമില്ല. ഗൂഢമായിരിക്കുന്നതും ഒന്നുമില്ല. എന്തെങ്കിലും ഇവിടെ മറയ്ക്കപ്പെട്ടാലും ന്യായവിധി ദിവസത്തിൽ എല്ലാ രഹസ്യങ്ങളും പരസ്യമാകും.

കർത്താവു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചതൊന്നും രഹസ്യമായി സൂക്ഷിക്കുവാനുള്ളതല്ല. അതെല്ലാം എല്ലാവരും അറിയേണ്ടതിനു പരസ്യമാക്കണം. അതിനാൽ കർത്താവു പറഞ്ഞു, "ഞാൻ ഇരുട്ടത്തു നിങ്ങളോടു പറയുന്നതു വെളിച്ചത്തു പറവിൻ; ചെവിയിൽ പറഞ്ഞു കേൾക്കുന്നതു പുരമുകളിൽ ഘോഷിപ്പീൻ." കർത്താവിനു രഹസ്യങ്ങൾ ഒന്നുമില്ല; തന്റെ ശിഷ്യന്മാർക്കും അവരുടെ ജീവിതവും ഉപദേശങ്ങളും തുറന്ന പുസ്തകമാണ്. അതിൽ കെണികൾ ഇല്ല, വിടുതൽ മാത്രം; ഭോഷ്ക്കില്ല, സത്യം മാത്രം. തുറന്ന മനസ്സോടും താഴ്മയോടും കർത്താവിനെ തേടുന്നവർക്കെല്ലാം അതു നിത്യജീവന്റെ മൊഴികൾ ആണ്.

പീഡനത്തെ ഭയന്നു സുവിശേഷം മറെച്ചുവെയ്ക്കാനുള്ളതല്ല.അതു എല്ലാവരും കേൾക്കേണ്ട പരമപ്രധാന വാർത്തയായതുകൊണ്ട് സുവിശേഷം പ്രസംഗിക്കുവാൻ ക്രിസ്തുശിഷ്യർ സമർപ്പിതരായിരിക്കണം.

3) ദൈവഭയം മനുഷ്യഭയം അകറ്റുന്നു.

സ്രഷ്ടാവായ ദൈവത്തിനു മാത്രമാണ് മനുഷ്യന്റെ മേൽ അധികാരമുള്ളത്. ആ അധികാരത്തെ അംഗീകരിച്ചു ദൈവത്തിനു കീഴ്പ്പെട്ടിരിക്കുന്നവർക്കു മനുഷ്യരിലുള്ള അനാവശ്യ ഭയത്തിനു ആവശ്യമില്ല. പീഡനവും എതിർപ്പുകളും പിശാചിന്റെ വിരട്ടൽ തന്ത്രമാണ്. പിശാച് കുരുടരാക്കിയ അവിശ്വാസികളാണ് പീഡകരായി രംഗത്തെത്തുന്നത്. അവർക്കു കഴിയുന്നതു ദേഹത്തെ കൊല്ലുവാൻ മാത്രമാണ്. ദേഹിയെ സ്പർശിക്കുവാൻ അവർക്കു കഴികയില്ല. ദേഹത്തെ കൊന്നാൽ താമസിച്ചിരുന്ന കൂടാരം പൊളിച്ചു എന്നു മാത്രമേ ഉള്ളൂ. പൗലോസിന്റെ ഭാഷയിൽ പറഞ്ഞാൽ "കൂടാരമായ ഞങ്ങളുടെ ഭൌമഭവനം അഴിഞ്ഞുപോയാൽ കൈപ്പണിയല്ലാത്ത നിത്യഭവനമായി ദൈവത്തിന്റെ ദാനമായോരു കെട്ടിടം ഞങ്ങൾക്കു സ്വർഗത്തിൽ ഉണ്ടെന്നു അറിയുന്നു" (2 കൊരിന്ത്യർ 5 :1). അതിനാൽ രക്തസാക്ഷിത്വം ഒരു ക്രിസ്തുശിഷ്യനു ഭയപ്പെടേണ്ട ഒന്നല്ല. ഭയപ്പെടേണ്ടതു ദൈവത്തെ മാത്രമാണ്. ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിക്കുവാനുള്ള അധികാരം സ്രഷ്ടാവിനുണ്ട്. സ്രഷ്ടാവിനുള്ള അധികാരത്തിനെതിരെ ചോദ്യങ്ങൾ ഇല്ല. അതുകൊണ്ടു ദൈവം അരുളിച്ചെയ്തിരിക്കുന്നു, "സകല ദേഹികളും എനിക്കുള്ളവർ; അപ്പന്റെ പ്രാണനും മകന്റെ പ്രാണനും ഒരുപോലെ എനിക്കുള്ളത്; പാപം ചെയ്യുന്ന ദേഹി മരിക്കും" (യെഹെസ്കേയൽ 18 :4). നിത്യനരകമായ മരണത്തിനു ഏല്പിച്ചുകൊടുക്കുവാൻ കഴിയുന്ന ദൈവത്തെയാണ് എല്ലാവരും ഭയപ്പെടേണ്ടത്. ഈ ഭയം മർത്യഭയത്തിന്റെ കെണിയിൽ നിന്നും നമ്മെ മോചിപ്പിക്കുന്നു. ദൈവത്തെ പ്രസാദിപ്പിക്കുക എന്ന ഏക ലക്ഷ്യത്തിൽ ഊന്നി ജീവിക്കുവാൻ അതു നമ്മെ സഹായിക്കും.

അതിനാൽ രക്തസാക്ഷിത്വം ഒരു ക്രിസ്തുശിഷ്യനു ഭയപ്പെടേണ്ട ഒന്നല്ല. ഭയപ്പെടേണ്ടതു ദൈവത്തെ മാത്രമാണ്. ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിക്കുവാനുള്ള അധികാരം സ്രഷ്ടാവിനുണ്ട്. സ്രഷ്ടാവിനുള്ള അധികാരത്തിനെതിരെ ചോദ്യങ്ങൾ ഇല്ല.

4) ദൈവത്തിന്റെ ശ്രദ്ധയും കരുതലും.

"കാശിനു രണ്ടു കുരികിൽ വില്ക്കുന്നില്ലയോ? അവയിൽ ഒന്നുപോലും നിങ്ങളുടെ പിതാവു സമ്മ

തിക്കാതെ നിലത്തു വീഴുകയില്ല. എന്നാൽ നിങ്ങളുടെ തലയിലെ രോമവും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു. ആകയാൽ ഭയപ്പെടേണ്ട; ഏറിയ കുരികിലുകളെക്കാളും നിങ്ങൾ വിശേഷതയുള്ളവരല്ലോ." ദൈവത്തിനു നമ്മുടെ മേൽ ഉള്ള ശ്രദ്ധയും നമ്മെക്കുറിച്ചുള്ള കരുതലും എത്ര വലുതാണ്. ദൈവത്തിന്റെ ശ്രദ്ധയും കരുതലും സകല ജീവജാലങ്ങളോടും ഉണ്ട്. അപ്പോൾ തന്റെ മക്കളായ നമ്മെ എത്ര കാര്യമായി അവൻ കരുതുന്നു. നമ്മെക്കുറിച്ചുള്ള ഏതു ചെറിയ കാര്യവും ദൈവത്തിന്റെ അറിവിലും ശ്രദ്ധയിലുമുണ്ട്. നമ്മിൽ ഓരോരുത്തരുടെയും തലയിലെ രോമങ്ങൾ എല്ലാം എണ്ണപ്പെട്ടിരിക്കുന്നു. ഓരോ ദിവസവും നമ്മുടെ തലയിൽ നിന്നു പൊഴിയുന്ന മുടികൾക്കു നാം വലിയ വിലയോ പരിഗണനയോ കൊടുക്കാറില്ല; പക്ഷെ ദൈവത്തിന്റെ ശ്രദ്ധയിൽ അതും ഉൾപ്പെടുന്നു. നമ്മിൽ അവൻ എത്ര തല്പരനാണെന്നും ശ്രദ്ധയുള്ളവനാണെന്നും നാം തിരിച്ചറിയണം.

ദൈവത്തിന്റെ പരിപാലനത്തെക്കുറിച്ച് നല്ല ഉറപ്പുള്ള ശിഷ്യന്മാർക്കു ഭയപ്പെടുവാൻ കാര്യമില്ലല്ലോ. അവർക്കു എന്തു ഭവിക്കണമെങ്കിലും ദൈവം സമ്മതിക്കണം. സാത്താൻ എത്ര തന്ത്രങ്ങൾ മെനഞ്ഞാലും മനുഷ്യർ എത്ര ഉപായങ്ങൾ പ്രയോഗിച്ചാലും കർത്താവിന്റെ സാക്ഷിയാകുന്ന ഒരു ശിഷ്യൻ ദൈവീക പരിപാലനത്തിലും സംരക്ഷണയിലുമാണ്. തിന്മയ്ക്കായിട്ടുള്ളതൊന്നും ദൈവം അനുവദിക്കില്ല എന്ന നിശ്ചയം നമുക്കുണ്ട്. അതുകൊണ്ട് പ്രതികൂലങ്ങളെ നോക്കി ഭയപ്പെടുകയോ ദൈവം ഏല്പിച്ച ദൗത്യത്തിൽ നിന്നു പിന്തിരികയോ ചെയ്യേണ്ടതില്ല. ആരംഭം മുതൽ പീഡനങ്ങൾക്കിരയായവരാണ് ക്രിസ്തുശിഷ്യർ. തിന്മ ചെയ്തിട്ടല്ല അവർ ഉപദ്രവം സഹിക്കേണ്ടിവന്നത്; നന്മ മാത്രം ചെയ്തിട്ടും, സത്യദൈവത്തിൽ വിശ്വസിച്ചതുകൊണ്ടും, മനുഷ്യന്റെ ഏകരക്ഷകനായ ക്രിസ്തുവിനെ പ്രസംഗിച്ചതിനാലും അവർ ഭേദ്യം അനുഭവിച്ചു. പക്ഷെ സുവിശേഷം നശിപ്പിക്കപ്പെട്ടില്ല. അതു ഇന്നും അനേകർക്കു ജീവൻ പ്രദാനം ചെയ്തു മുന്നേറുകയാണ്.

5) കർത്താവിനോടുള്ള വിശ്വസ്തത.

ക്രിസ്തുവിനെ തള്ളിപ്പറയുവാനുള്ള സമ്മർദ്ധവും പ്രലോഭനവും ഉണ്ടാകാം. എന്നാൽ ഗുരുവിന്റെ വിശ്വസ്തശിഷ്യനു അതു സാധ്യമല്ല. വിശ്വസ്തർ യേശുവിനെ എവിടെയും ആരുടെ മുമ്പിലും 'അവൻ എന്റെ കർത്താവ്' എന്നു ഏറ്റു പറയും. പ്രതികൂലങ്ങൾ വിശ്വസ്തത പരിശോധിക്കുന്ന പരീക്ഷകളാണ്. വിശ്വസ്തരെയാണ് കർത്താവു കണ്ടെത്തുവാൻ ആഗ്രഹിക്കുന്നത്. അതിനാൽ പീഡകളും പ്രതികൂലങ്ങളും കർത്താവു അനുവദിക്കും. കർത്താവു പറയുന്നു, "മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവരെയും സ്വർഗസ്ഥനായ എന്റെ പിതാവിൻ മുമ്പിൽ ഞാനും ഏറ്റുപറയും."

സാത്താൻ എത്ര തന്ത്രങ്ങൾ മെനഞ്ഞാലും മനുഷ്യർ എത്ര ഉപായങ്ങൾ പ്രയോഗിച്ചാലും കർത്താവിന്റെ സാക്ഷിയാകുന്ന ഒരു ശിഷ്യൻ ദൈവീക പരിപാലനത്തിലും സംരക്ഷണയിലുമാണ്. തിന്മയ്ക്കായിട്ടുള്ളതൊന്നും ദൈവം അനുവദിക്കില്ല എന്ന നിശ്ചയം നമുക്കുണ്ട്. അതുകൊണ്ട് പ്രതികൂലങ്ങളെ നോക്കി ഭയപ്പെടുകയോ ദൈവം ഏല്പിച്ച ദൗത്യത്തിൽ നിന്നു പിന്തിരികയോ ചെയ്യേണ്ടതില്ല.

ശിഷ്യന്മാരിൽ അവിശ്വസ്തരാകുന്ന ഒരു കൂട്ടർ ഏതു കാലത്തും ഉണ്ടാകും. കർത്താവിനെക്കാൾ അധികം അവർ തങ്ങളെയും തങ്ങൾക്കുള്ളവരെയും സ്നേഹിക്കുന്നവരായിരിക്കും. നിലനില്പിനായി അവർ കർത്താവിനെ മനുഷ്യരുടെ മുമ്പിൽ തള്ളിപ്പറയാം. അതു മൊഴികളാലോ ചിലപ്പോൾ പ്രവൃത്തികളാലോ ആയിരിക്കാം. അങ്ങനെ ഉള്ളവർ കർത്താവിന്റെ ദൃഷ്ടിയിൽ തോറ്റവരും, ഭീരുക്കളും, അവിശ്വസ്തരുമായി മാത്രമേ ഇരിക്കുന്നുള്ളൂ. അതുകൊണ്ടു കർത്താവു പറയുന്നു, "മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ എന്റെ പിതാവിൻ മുമ്പിൽ ഞാനും തള്ളിപ്പറയും."

പത്രോസ് ഒരിക്കൽ കർത്താവിനെ തള്ളിപ്പറഞ്ഞു. കർത്താവു അവനു മടങ്ങിവരുവാനും യഥാസ്ഥാനപ്പെടുവാനും അവസരം നൽകി. പിന്നീട് ഒരിക്കലും പത്രോസ് കർത്താവിനെ തള്ളിപ്പറഞ്ഞില്ല. ഒരു ധീരസാക്ഷിയായി കർത്താവിനായി രക്തസാക്ഷിയാകുവാൻ പത്രോസിനു കഴിഞ്ഞു. കർത്താവിനെ തള്ളിപ്പറഞ്ഞ അനുഭവം നിങ്ങൾക്കുണ്ടോ? മടങ്ങി വന്നു യഥാസ്ഥാനപ്പെടുക. കർത്താവിനെ എവിടെയും ഏറ്റുപറയുന്ന ഒരു ധീരസാക്ഷിയായിത്തീരുക. അവൻ നമ്മെ ഏറ്റുപറയുന്ന ഒരു നല്ല ദിവസം അധികം വിദൂരമല്ല!

എന്ന 'പുതിയൊരു കല്പന' ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽത്തമ്മിൽ സ്നേഹിക്കണം എന്നതു തന്നെ!" (യോഹന്നാൻ 13 : 34)

എന്തുകൊണ്ട് ഇതു 'പുതിയ' കല്പനയാകുന്നു? പഴയനിമയത്തിൽ ഇതു ഉള്ളതു തന്നെയല്ലേ? തീർച്ചയായും പഴയനിയമത്തിൽ ഉള്ളതുതന്നെ. കയീനോടു പോലും ദൈവം ആവശ്യപ്പെടുന്നത് അതാണല്ലോ. എന്നാൽ ഇവിടെ ഇതു പുതിയതായിത്തീരുന്നതിനു കാരണം "എങ്ങനെ" സ്നേഹിക്കണം എന്ന യേശുവിന്റെ നിർദ്ദേശത്തിലാണ്. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ" നിങ്ങളും തമ്മിൽത്തമ്മിൽ സ്നേഹിക്കണം! അതായതു ഞാൻ എന്റെ കൂട്ടുകാരനെ - സഹോദരനെ - എന്നെപ്പോലെ സ്നേഹിച്ചാൽ പോരാ, അതിനുമപ്പുറത്തു യേശു എന്നെ സ്നേഹിച്ചതുപോലെ സ്നേഹിക്കണം.

യേശു എന്നെ സ്നേഹിച്ചത് എങ്ങനെയാണ്? "അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്തെന്നറിഞ്ഞിരിക്കുന്നു. നാമും സഹോദരനുവേണ്ടി പ്രാണനെ വെച്ചുകൊടുക്കേണ്ടതാകുന്നുന്നു. (1 യോഹന്നാൻ 3 : 16)

യേശു സ്നേഹിച്ചതു തന്റെ പ്രാണനെ നമുക്കുവേണ്ടി നൽകിക്കൊണ്ടാണ്. ആ സ്നേഹം കൊണ്ടാകണം നാം നമ്മുടെ സഹോദരനെ സ്നേഹിക്കേണ്ടത്.

യോഹന്നാൻ 3 : 16 നാം എപ്പോഴും ഉദ്ധരിക്കാറുണ്ട്. "ദൈവം യേശുവിനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" എന്നാൽ, 1 യോഹന്നാൻ 3 : 16 നാം പലപ്പോഴും മറക്കുന്നു: "നാമും സഹോദരനുവേണ്ടി പ്രാണനെ വെച്ചുകൊടുക്കേണ്ടതാകുന്നു".

സ്നേഹം എപ്പോഴും കൊടുക്കുന്നു; ദ്വേഷം എപ്പോഴും എടുക്കുന്നു (Love always give; hate always take). ദൈവം ലോകത്തെ സ്നേഹിക്കുന്നതുകൊണ്ട് അവിടുന്നു തന്റെ പുത്രനെ നൽകി. സാത്താൻ നമ്മെ ദ്വേഷിക്കുന്നതിനാൽ നമ്മുടെ ജീവൻ എടുക്കാനാണു അവന്റെ പരിശ്രമം!

സ്നേഹം ത്യാഗമാണ്. അതു എപ്പോഴും കൊടുക്കുന്നതിനെപ്പറ്റി മാത്രം ചിന്തിക്കുന്നു.

ഇരുപതു വയസ്സുകാരനായ ഒരു യുവാവ് മനോഹരമായ ഒരു സ്പോട്സ് മോട്ടോർ ബൈക്ക് ഓടിച്ചുകൊണ്ടു പാർക്കുചെയ്തപ്പോൾ മുപ്പതുവയസ്സു തോന്നിക്കുന്ന ഒരാൾ അവന്റെയടുത്തു വന്നു പറഞ്ഞു: "മനോഹരമായിരിക്കുന്നു ഈ ബൈക്ക്. പണ്ടൊക്കെ വിദേശങ്ങളിലേ ഇതു കാണാൻ കഴിയുമായിരുന്നുള്ളൂ. ഇതിനു വലിയ വിലയായിക്കാണുമല്ലോ... ആട്ടെ, എവിടെനിന്നാണു നിനക്കിതു കിട്ടിയത്?

"യൂണിവേഴ്സിറ്റിയിൽ ഫസ്റ്റ് റാങ്കു വാങ്ങിയതിനു എന്റെ മൂത്ത സഹോദരൻ സമ്മാനം തന്ന താണീ ബൈക്ക്". യുവാവ് അഭിമാനത്തോടെ പറഞ്ഞു. "കൊള്ളാം..." ആ വ്യക്തി പറഞ്ഞു: എനിക്കും..."

ആ യുവാവിനു ആ വ്യക്തി പറഞ്ഞുതുടങ്ങിയതു പൂരിപ്പിക്കാനേ ഉണ്ടായിരുന്നുള്ളൂ... നാമാരായിരുന്നെങ്കിലും പൂരിപ്പിക്കുന്ന വാചകം- "എനിക്കും അങ്ങനെ ഒരു സഹോദരനുണ്ടായിരുന്നെങ്കിൽ..."

എന്നാൽ, അയാൾ ആ വാക്യം പൂരിപ്പിച്ചതു അങ്ങനെയല്ല... ആ യുവാവിനെ നനഞ്ഞ കണ്ണുകളോട് നോക്കി ആ വ്യക്തി പറഞ്ഞു; "എനിക്കു നിന്നെപ്പോലെ ഒരു സഹോദരനുണ്ടായിരുന്നെങ്കിൽ... എന്റെ ഇളയ സഹോദരൻ ജന്മനാ തളർന്ന കാലുള്ളവനാണ്. മിടുക്കൻ! ഒത്തിരി സ്വപ്നങ്ങളുള്ളവൻ.... എന്നാൽ പരസഹായം കൂടാതെ അവനു പുറത്തിറങ്ങുവാൻ പോലുമാവില്ല. അവൻ നിന്നെപ്പോലെ ആരോഗ്യമുള്ളവനായിരുന്നെങ്കിൽ ഇതുപോലൊരു സ്പോർട്ട്സ് ബൈക്ക് തീർച്ചയായും ഞാൻ അവനു സമ്മാനിച്ചേനേ.."

"ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽത്തമ്മിൽ സ്നേഹിക്കണം. എന്തുകൊണ്ട് ഇതു 'പുതിയ' കല്പനയാകുന്നു? പഴയനിമയത്തിൽ ഇതു ഉള്ളതു തന്നെയല്ലേ? ...എന്നാൽ ഇവിടെ ഇതു പുതിയതായിത്തീരുന്നതിനു കാരണം "എങ്ങനെ" സ്നേഹിക്കണം എന്ന യേശുവിന്റെ നിർദ്ദേശത്തിലാണ്. "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ" നിങ്ങളും തമ്മിൽത്തമ്മിൽ സ്നേഹിക്കണം!

സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തിയാണ് (റോമർ 13 : 10) എന്നു പൗലോസ് പറയുന്നു. "അന്യോന്യം സ്നേഹിക്കുന്നതല്ലാതെ ആരോടും ഒന്നും കടപ്പെട്ടിരിക്കരുത്. അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിർവ്വഹിച്ചിരിക്കുന്നുവല്ലോ...ഏതു കല്പനയും കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്ക എന്ന കല്പനയിൽ സംക്ഷേപിച്ചിരിക്കുന്നു... സ്നേഹം കൂട്ടുകാരനു ദോഷം പ്രവർത്തിക്കുന്നില്ല. ആകയാൽ സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി തന്നെ (റോമർ 13 : 8-10).

വാസ്തവത്തിൽ സ്നേഹമാണ് എല്ലാ നിയമവും പൂർത്തീകരിക്കുവാൻ നമ്മെ സഹായിക്കുന്നത്. ആദ്യ സഹോദരന്മാരുടെ കഥയിൽ കയീൻ ഹാബെലിനെ സ്നേഹിച്ചിരുന്നെങ്കിൽ ഏന്തെങ്കിലും പ്രശ്നം ഉണ്ടാകുമായിരുന്നുവോ? കയീനും ഹാബെലും യാഗമർപ്പിച്ചു. യഹോവ ഹാബെലിലും അവന്റെ യാഗത്തിലും പ്രസാദിച്ചു. അതു കയീനു സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. ദൈവം തന്റെ യാഗത്തിൽ പ്രസാദിച്ചില്ല എന്നതിലുപരി ഹാബെലിന്റെ യാഗത്തിൽ പ്രസാദിച്ചു എന്നതാണു അവനെ വിഷമിപ്പിച്ചത്. അവനിൽ അസൂയ നിറഞ്ഞു (ഒന്നാമത്തെ പാപം) അവന്റെ മുഖം വാടി, അവനിൽ അസംതൃപ്തി നിറഞ്ഞു (രണ്ടാമത്തെ പാപം).

കയീൻ ഹാബെലിനെ യഥാർത്ഥത്തിൽ സ്നേഹിച്ചിരുന്നെങ്കിൽ ദൈവം ഹാബെലിന്റെ യാഗത്തിലെങ്കിലും പ്രസാദിച്ചതോർത്ത് അവനു ദൈവത്തെ സ്തുതിക്കാമായിരുന്നു; "ദൈവമേ, എവിടെയാണ് എനിക്കു പാളിച്ച പറ്റിയതെന്നു ചോദിച്ച് പശ്ചാത്തപിക്കുകയും തിരുത്തുകയും ചെയ്യാമായിരുന്നു!

കയീൻ സഹോദരസ്നേഹത്തിന്റെ കാര്യത്തിൽ പൂജ്യമായിരുന്നതിനാൽ അവൻ തുടരെ പാപങ്ങളിലേക്കു വീണുകൊണ്ടിരുന്നു. അവന്റെ 'അസൂയ' അവനെ 'അസംതൃപ്തിയിലേക്കും അസംതൃപ്തി 'കോപത്തി'ലേക്കും നയിച്ചു. ദൈവം കരുണതോന്നിയിട്ട് വരാൻ പോകുന്ന വലിയ പാപക്കെണിയെപ്പറ്റി അവനു മുന്നറിയിപ്പു നൽകിയെങ്കിലും അതു ചെവിക്കൊള്ളാതെ അവൻ 'ശാഠ്യമുള്ളവനായി (അടുത്ത പാപം) ഹാബെലിനോടുള്ള 'പക' അവന്റെ ഉള്ളിൽ നിറഞ്ഞു. അവന്റെ സഹോദരനോടു അവൻ 'ദോഷം'നിരുപിച്ചു. "വയലിലേക്കു പോകാം" എന്നു പറഞ്ഞ് അവൻ സഹോദരനോടു 'കാപട്യം' കാണിച്ചു. സഹോദരനെ വിശ്വസിച്ച ഹാബെലിനെ കയീൻ 'വഞ്ചിച്ചു'; വയലിൽ വെച്ച് അരുംകൊല നടത്തി! ലോകത്തിലെ ആദ്യത്തെ കൊലപാതകം.

കയീൻ സഹോദരസ്നേഹത്തിന്റെ കാര്യത്തിൽ പൂജ്യമായിരുന്നതിനാൽ അവൻ തുടരെ പാപങ്ങളിലേക്കു വീണുകൊണ്ടിരുന്നു. അവന്റെ 'അസൂയ' അവനെ 'അസംതൃപ്തിയിലേക്കും അസംതൃപ്തി 'കോപത്തി'ലേക്കും നയിച്ചു. ദൈവം കരുണതോന്നിയിട്ട് വരാൻ പോകുന്ന വലിയ പാപക്കെണിയെപ്പറ്റി അവനു മുന്നറിയിപ്പു നൽകിയെങ്കിലും അതു ചെവിക്കൊള്ളാതെ അവൻ 'ശാഠ്യമുള്ളവനായി.

എല്ലാറ്റിന്റെയും കാരണമെന്തെന്നു ചോദിച്ചാൽ ആത്യന്തികമായി ഒരു ഉത്തരമേയുള്ളൂ... കയീൻ തന്റെ സഹോദരനായ ഹാബെലിനെ സ്നേഹിച്ചില്ല... സ്നേഹിച്ചിരുന്നെങ്കിൽ അവനിൽ അസൂയയും അസംതൃപ്തിയും കോപവും ശാഠ്യവും പകയും ദോഷ ചിന്തയും കാപട്യവും വഞ്ചനയും കൊലചിന്തയും നിറയുകയില്ലായിരുന്നു. "സ്നേഹം കൂട്ടുകാരനു ദോഷം പ്രവർത്തിക്കുന്നില്ല; ആകയാൽ സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി തന്നെ...."

പത്തു കല്പനകളിലെ മാനുഷിക ബന്ധങ്ങളിലും സ്നേഹം എല്ലാ കല്പനകളെയും നിവർത്തിക്കുന്ന അത്ഭുത പ്രതിഭാസമാണന്നു കാണാം. (പുറപ്പാട് 20 : 12-17) സ്നേഹിക്കുന്നവൻ അപ്പനെയും അമ്മയെയും ബഹുമാനിക്കുന്നു; സ്നേഹിക്കുന്നവൻ കൊല ചെയ്യുന്നില്ല; സ്നേഹിക്കുന്നവൻ വ്യഭിചാരിയാവുകയില്ല; സ്നേഹിക്കുന്നവൻ മോഷ്ടിക്കുകയില്ല; സ്നേഹിക്കുന്നവൻ കൂട്ടുകാരന്റെ നേരെ കള്ളസാക്ഷ്യം പറയുകയില്ല; സ്നേഹിക്കുന്നവൻ കൂട്ടുകാരന്റെ യാതൊന്നും മോഹിക്കുകയില്ല....

ഈ സ്നേഹം സഭയിൽ മുറിയാതെ നിലനില്ക്കട്ടെ. അവിടെയാണു ദൈവപ്രസാദം... സഭയെ ചൈതന്യവത്താക്കുന്ന ജീവരസമാണു സ്നേഹം... സഹോദരപ്രീതി നിലനില്ക്കട്ടെ...

അതൃപ്തിയെ അതിജീവിക്കുക

ഏതു പ്രവർത്തന മേഖലയിലായാലും മറ്റുള്ളവരുമായി ഇടപഴകിയും ഇടപാടുകളിൽ ഏർപ്പെട്ടും കൊടുക്കൽ വാങ്ങലുകൾ നടത്തിയുമേ നമുക്കു ഓരോ ദിവസവും ജീവിക്കാനാവൂ. ഇത്തരം ജീവിത വ്യാപാരങ്ങളിൽ നീതിയുക്തമായി എല്ലാം ചെയ്യുക എന്നതാണ് ആവശ്യം. നാം അങ്ങനെ ആയിരിക്കാൻ ശ്രമിക്കുന്നതിനോടൊപ്പം മറ്റുള്ളവരിൽ നിന്നും നാം അതു പ്രതീക്ഷിക്കുകയും ചെയ്യുന്നു എന്നതാണ് നമ്മെ കുഴപ്പത്തിലാക്കുന്നത്. നമ്മുടെ മനസ്സിനു തൃപ്തി വരുന്ന വിധത്തിലായിരിക്കില്ല പലപ്പോഴും മറ്റുള്ളവർ നമ്മോട് ഇടപെടുക. പച്ചക്കറിയും പഴവർഗങ്ങളും തുടങ്ങി പച്ചമീനും പല വ്യഞ്ജനങ്ങളും വരെ വാങ്ങിച്ചു വീട്ടിൽ ചെന്നു ശോധന ചെയ്യുമ്പോൾ നമുക്ക് കബളിപ്പിക്കപ്പെട്ടതായി തോന്നുകയും തന്നിമിത്തം അതൃപ്തി ഉണ്ടാവുകയും ചെയ്യാറുണ്ട്. അവയ്ക്കൊക്കെ പരിഹാരം തേടുന്നതിനെക്കാൾ മനസ്സിൽ നിന്നും അതൃപ്തി അകറ്റി മനസ്സിനെ ശുദ്ധമാക്കി സൂക്ഷിക്കുന്നതായിരിക്കും അഭികാമ്യം. അനീതി ചെയ്യാതിരിക്കാൻ നാം ബദ്ധശ്രദ്ധരായിരിക്കുമ്പോൾത്തന്നെ അനീതി സഹിച്ചുകൊള്ളാനും നമുക്കു കഴിയണം. എല്ലാറ്റിനും കർത്താവും ദൈവവചനവുമാണല്ലോ നമുക്കു മാതൃക. സ്വന്ത സഹോദരന്മാരിൽ നിന്നുപോലും ദുരനുഭവങ്ങൾ ഉണ്ടായി എന്നു വരാം.

വേലചെയ്യുന്നവൻ കൂലി തൃപ്തികരമല്ല എന്നു കണക്കുകൂട്ടി അതൃപ്തരാകുമ്പോൾ, കൂലികൊടുക്കുന്നവൻ വേല തൃപ്തകരമല്ല എന്ന പരാതിയാൽ അതൃപ്തനാകുന്നു. കർത്താവിനുവേണ്ടി വേലചെയ്യുന്ന ആളുകൾക്ക് ലോകപ്രകാരം മതിയായ കൂലി ഇവിടെയാരും നല്കാനില്ല, ഇവിടത്തെ കൂലി പ്രതീക്ഷിച്ചല്ല സമർപ്പണമുള്ള ദൈവമക്കൾ വേല ചെയ്യുന്നതും. ദൈവം പ്രതിഫലം തരും എന്ന കണക്കുകൂട്ടലിലുമല്ല സത്യത്തിൽ നാം ദൈവസേവ ചെയ്യേണ്ടത്, മറിച്ച് ദൈവത്തോടുള്ള സ്നേഹവും അനുസരണവും നിമിത്തം അവൻ ഏല്പിച്ചതു ചെയ്യുന്നു. അത്തരം വേലകളാണ് നമുക്ക് തൃപ്തിതരുന്നത്. അല്ലെങ്കിൽ നിരാശയ്ക്കും അതൃപ്തിക്കും സംഗതിയുണ്ട്. ദൈവം അനീതി ചെയ്യില്ല എന്നതു നമ്മുടെ ഉള്ളിലെ ബോധ്യമാണ്. മറ്റുള്ളവർ ചെയ്യുന്ന ജോലിയുടെ അളവും അവർക്കു കിട്ടുന്ന പ്രതിഫലവും നമ്മുടെ മാനദണ്ഡങ്ങളിൽ വിലയിരുത്തുമ്പോൾ അതൃപ്തിക്കു വകയുണ്ട് (മത്തായി 20:12). ലോകത്തിന്റെ രീതിയിലേ കണക്കുകൂട്ടാൻ ഇപ്പോൾ നമുക്കറിയൂ. നാം കർത്താവിനോടനുരൂപരാകുന്ന ദിവസം സ്വർഗത്തിലെ കണക്കുകൾ നമുക്കു വശമായിരിക്കും; ദൈവനീതിയുടെ കണക്കുകൾ ഗ്രഹിച്ച് അന്നു നാം വിസ്മയിക്കും. ദൈവം സ്വർഗത്തിൽ പ്രതിഫലം വിഭാഗിക്കുന്ന ആ സന്ദർഭം നമുക്കു പരാതിയല്ല; പൂർണ്ണ തൃപ്തിയും സന്തോഷവുമേ ഉണ്ടാവൂ. ആയതിനാൽ മറ്റാർക്കെങ്കിലുംഇവിടെ ലഭിച്ചതിന്റെ അളവു നമുക്കുള്ളതുമായി തുലനം ചെയ്തു നിരാശപ്പെട്ടു മനസ്സിനെ കലക്കരുതേ, വേല ചെയ്യാനുള്ള ഏകാഗ്രത നഷ്ടമാകും. നീതിയുള്ള ന്യായാധിപതി നമുക്കായി പ്രതിഫലങ്ങളെ ചരതിച്ചുവെയ്ക്കുന്നു. ഇതാ ഞാൻ വേഗം വരുന്നു, ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കലുണ്ട് (വെളിപ്പാട് 22:12) എന്ന് യേശു പറയുന്നു.



കെ.വി. രാജു

Bank Account Details:

SOUTH INDIAN Bank

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
South Indian Bank,
Kanjikuzhy - Kottayam.

വാർഷിക വരിസംഖ്യ 200 രൂപ

നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ....


അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് അനിവാര്യമാണ്

RNI No. KERMAL/2012/46138
Date of Publishing 10.12.2019

NERVEEDHI DECEMBER 2019
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment

ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ



അനുഗ്രഹീതവും
സന്തുഷ്ടി നിറഞ്ഞതുമായ
കുടുംബജീവിതത്തിന്
ആവശ്യമായ
പ്രായോഗിക ഉപദേശങ്ങൾ.

മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? മരിച്ചവർ എങ്ങോട്ടു പോകുന്നു?

ആശങ്ക വർധിപ്പിക്കുന്ന അനുമാനങ്ങളും ധാരണകളുമാണ് ലോകത്തിലെ ചിന്തകന്മാർ നൽകുന്ന മറുപടി എന്നാൽ തിരുവചനം ഈ ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നല്കുന്നു. വചനത്തിലൂടനീളം ഈ അറിവുകൾ വിലപ്പെട്ട മുത്തുകളായി ചിതറിക്കിടക്കുന്നു. അവയെ തിരഞ്ഞു കണ്ടെടുത്ത് ചിട്ടപ്പെടുത്തിയ പഠനങ്ങളാക്കി നല്കിയിരിക്കുന്ന ആത്മിക പഠന ഗ്രന്ഥമാണ് **പ്രത്യാശ മരണത്തിനപ്പുറം.**

ഈ പുസ്തകം ശ്രദ്ധയോടെ വായിച്ചാൽ അറിവു മാത്രമല്ല നിത്യതയ്ക്കായി ഒരുങ്ങാനുള്ള പ്രേരണയും ലഭിക്കും എന്നതു സുനിശ്ചിതമാണ്. പ്രിയപ്പെട്ടവരുടെ മരണം വരുത്തിയ മുറിവുകൾ ഉണങ്ങാനുള്ള ഔഷധമായും ഇതിലെ പ്രത്യാശാവചനങ്ങൾ ഫലകരമായിത്തീരും.

അനുഗ്രഹീത ദൈവദാസൻ **ജോയ് എം തോമസ്** എഴുതിയ ഈ ഗ്രന്ഥം . ഈ വിഷയത്തിലുള്ള സംശയങ്ങൾക്ക് തൃപ്തികരമായ മറുപടിയാണ്.



Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building, Oravakal
Amayannoor P.O
Kottayam - Kerala 686019
Mob: 08547916678
www.nerveedhi.com

Edited, Printed and Published by K.V Raju on behalf of the Righteous Path Publication Trust and printed at Penta Offset Press, Kanjikuzhy, Kottayam–686004 and published at Mackal Building, Amayannoor P.O, Kottayam - 686019.